കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.10/205/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി : 15.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :കീഴല്ലൂർ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1- ലെ 1-12, 1-13, 1-14, 1-15, 1-22, 1-31, 1-32 ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ്-(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (എയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.10/205/2020 തീയ്യതി: 15.06.2020

## കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 19.2.2019 മുതൽ 11.2.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ . എം . പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.2.2020 മുതൽ 27.2.2020വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.വിജോഷ്.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.വനജ മാടത്താൻകണ്ടി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എം.രാജൻ. | 01.04.18 മുതൽ 31.03.19വരെ |
| സെക്രട്ടറി | ശ്രീ . എൻ .അനിൽകുമാർ. | 1-4-18 മുതൽ 31.03.19വരെ |

# മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സ്മിത .കെ .ഒ | 01/04/18 മുതൽ 31/3/2019 വരെ |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ കീഴല്ലൂർ | ശ്രീമതി. ബിന്ദു .എം | 01/4/18 മുതൽ 27/04/2018 FNവരെ |
| | ശ്രീ. ഷിന്റോ ജോസഫ് | 27/4/18AN മുതൽ 16/6/18 FNവരെ |
| | | 18/7/18AN മുതൽ 20/10/18 FN വരെ |
| | ശ്രീ.നിരൂപ് കുമാർ | 16/6/18 AN മുതൽ 18/7/18 FNവരെ |
| | ശ്രീമതി. സുസ്മിത .പി | 21/10/18 മുതൽ 13/12/18 വരെ |
| | | 15/12/18 മുതൽ 31/03/2019 വരെ |
| | ഒഴിവ് | 14/12/18 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -എടയന്നൂർ | ശ്രീ.നിരൂപ് കുമാർ | 01/4/2018 മുതൽ 13/12/2018 വരെ |
| | ഒഴിവ് | 14/12/2018 |
| | ശ്രീമതി. സുസ്മിത പി | 15/12/2018 മുതൽ 31/03/2019 വരെ |
| വെറ്റിനറി സർജൻ | ഡോ.ടോണി ജോസ് | 1/4/18 മുതൽ 27/5/18 വരെ |
| | | 21/6/18 മുതൽ 4/9/18 വരെ |
| | ഡോ.മഗേഷ് എസ് | 28/5/18 മുതൽ 20/6/18 വരെ |
| | | 5/9/18 മുതൽ 23/11/18 |

| | | |
|---|---|---|
| | | 5/9/18 മുതൽ 23/11/18 വരെ |
| | | |
| | ഡോ.നിർമ്മൽ ചാക്കോ | 24/11/18 മുതൽ 31/3/2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.അഞ്ജു പഴംതോട്ടത്തില് | 1/4/18 മുതൽ 26/6/18 വരെ |
| | ഡോ.ഷാരോൺ ബേസിൽ | 27/6/18 മുതൽ 31/3/2019 വരെ |
| മെഡിക്കൽഓഫീസർ- ആയുർവ്വേദം | ഡോ.വിദ്യോത് കുമാർ | 1/4/18 മുതൽ 19/7/18 ANവരെ |
| | ഡോ.സ്മിജ എപി | 19/7/18 ANമുതൽ 31/3/19 വരെ |
| മെഡിക്കൽഓഫീസർ- ഹോമിയോ | ഡോ.അമുദ.എം | 1/4/18 മുതൽ 31/3/2019 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി. ഉഷ കരിയിൽ | 1/4/18 മുതൽ 31/3/2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പ്രദീപൻ. എൻ | 1/4/18 മുതൽ 31/3/2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.മനോഹരൻ മാണിക്കോത്ത് | 1/4/18 മുതൽ 31/5/18 വരെ |
| | ശ്രീ.ബിപിൻ ഡേവി | 1/6/18 മുതൽ 20/6/18 വരെ |
| | ശ്രീ.ധർമ്മരാജൻ. പി | 21/6/18 മുതൽ 31/3/2019 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. ശോഭന | 1/4/18 മുതൽ 31/3/2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| | | |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകങ്ങൾ. | 1-11 |
| 12 | വസ്തു നികുതി പരിഷ്കരണം -മേഖല നിർണ്ണയിച്ചതിലെ ന്യൂനത | 1-12 |
| 13 | കെട്ടിട നിർമ്മാണ പെർമിറ്റ് - ചട്ടപ്രകാരമുള്ള അപേക്ഷാ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-13 |
| 14 | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതിലെ അപാകങ്ങൾ. | 1-14 |
| 15 | തൊഴിൽ നികുതി -അപാകങ്ങൾ | 1-15 |
| 16 | എഫ് ടി ഇ & ഒ എസ് ലൈസൻസ് - അപാകങ്ങൾ | 1-16 |
| 17 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ചുമത്താനാകുമോ എന്ന സാഹചര്യം പരിശോധിക്കുന്നില്ല. | 1-17 |
| 18 | ഇ-ടെണ്ടർ ഫോറം വില തിരികെ ഈടാക്കേണ്ടതാണ് | 1-18 |
| 19 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല | 1-19 |
| 20 | ദുരിതാശ്വാസ നിധി | 1-20 |
| 21 | വെള്ളക്കരം കുടിശ്ശിക 1.09 ലക്ഷം രൂപ | 1-21 |
| 22 | പ്രവർത്തിക്കാത്ത ടെലിവിഷന്റെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നു | 1-22 |
| 23 | ജലസേചന പമ്പ് സെറ്റ് - വിതരണം മുൻഗണനാ ക്രമത്തിൽ നൽകുന്നില്ല. | 1-23 |
| 24 | കശുമാവ് ഗ്രാഫ്റ്റ് തൈകൾ വിതരണം - കാഷ്യൂ കോർപ്പറേഷനിൽ തൈകളുടെ ലഭ്യത ഉറപ്പുവരുത്തുന്നില്ല | 1-24 |
| 25 | കുടുംബശ്രീ ജെ എൽ ജി ഗ്രൂപ്പിന് ട്രാക്ടർ അനുവദിക്കൽ - രേഖകൾ ഹാജരാക്കാത്തത് -₹ 9,28,500 തടസ്സപ്പെടുത്തുന്നു | 1-25 |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് | 1-26 |
| 27 | മഴക്കാലപൂർവ ശുചീകരണം - വിനിയോഗം പരിശോധിക്കേണ്ടതാണ് | 1-27 |
| 28 | പാലിയേറ്റീവ് കെയർ പദ്ധതി - ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല. | 1-28 |

| | | |
|---|---|---|
| 29 | കുടിവെള്ളവിതരണം - ടാങ്കറുകളിൽ ജി.പി.എസ് സംവിധാനം ഒരുക്കിയില്ല | 1-29 |
| 30 | പ്രോജക്ടിനു വിരുദ്ധമായി സാധനം വാങ്ങൽ - ചെലവുതുക ₹52,591 തടസ്സപ്പെടുത്തുന്നു. | 1-30 |
| 31 | കമ്പ്യൂട്ടർ, പ്രിന്റർ ലഭ്യമായില്ല, ചെലവുതുക ₹ 52,131 തടസ്സപ്പെടുത്തുന്നു. | 1-31 |
| 32 | എൻ എ സി, ഇന്റന്റ് ഇല്ലാതെ മരുന്ന് വാങ്ങൽ - ₹5,00,000 തടസ്സപ്പെടുത്തുന്നു. | 1-32 |
| 33 | എസ് സി ,എസ് ടി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ-- ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല ₹ 15,000 തടസ്സപ്പെടുത്തുന്നു | 1-33 |
| 34 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് ,സ്കോളർഷിപ്പ് നൽകൽ - യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല .₹ 1,06,580 തടസ്സപ്പെടുത്തുന്നു | 1-34 |
| 35 | സ്പോർട്ട്സ് കിറ്റ് വിതരണം - രേഖകൾ ഹാജരാക്കിയിട്ടില്ല . ₹ 59,925 തടസ്സപ്പെടുത്തുന്നു | 1-35 |
| 36 | ഒന്നാംക്ലാസ്സ് ഒന്നാം തരമാക്കൽ ,ഐ ടി ഉപകരണങ്ങൾ വാങ്ങൽ - അപാകങ്ങൾ – ₹ 1,21,810 തടസ്സപ്പെടുത്തുന്നു. | 1-36 |
| 37 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-37 |
| 38 | മരാമത്ത് പ്രവൃത്തി – കരാറുകാരൻ ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താത്തത് | 1-38 |
| | ഭാഗം 2 വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ചാർജ്ജ് ചെയ്യാവുന്നവ<br>ഇല്ല. | |
| | ഭാഗം 3 ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – സർചാർജ്ജ് ചെയ്യാവുന്നവ<br>ഇല്ല. | |
| 39 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 40 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 41 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 43 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 44 | സ്ഥിര നിക്ഷേപം | 4-6 |
| 45 | ഓഡിറ്റ് റിക്കവറി | 4-7 |
| | | |

| | | |
|---|---|---|
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 47 | ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-9 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 50 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 51 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 52 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 53 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 26.3.2018 തീയതിയിലെ 47/18 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് ഭരണസമിതി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല

| | |
|---|---|
| മുന്നിരിപ്പ് | 3,71,93,562.00 |
| വരവ് | 15,59,47,488.00 |
| ആകെ | 19,31,41,050.00 |
| ചെലവ് | 17,91,37,530.00 |
| നീക്കിയിരിപ്പ് | 1,40,03,520.00 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2019 | 16.5.2019 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,96,95,733.00 |
| വരവ് | 7,04,45,918.00 |
| ആകെ | 12,01,41,651.00 |
| ചെലവ് | 5,88,25,876.00 |
| നീക്കിയിരിപ്പ് | 6,13,15,775 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11551690 | 11551690 | 11445545 | 106145 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 982000 | 982000 | 982000 | -- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 182000 | 182000 | 182000 | -- |
| മെയിന്റനൻസ്, റോഡ് (ACR | 0 | 4515000 | 4515000 | 4258184 | 256816 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2776000 | 2776000 | 1438002 | 1337998 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5369000 | 5369000 | 5369000 | -- |
| സാക്ഷരത | | 19249 | 782 | 20031 | -- | 20031 |
| ദുരിതാശ്വാസ നിധി | | 97,130 | 13,620 | 1,10,750 | 2,000 | 1,08,750 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 23755100 | 23755100 | 23755100 | -- |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 87184 | 492877 | 580061 | 577900 | 2161 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ സി ഡി എസ് | | 689668 | 551031 | 1240699 | 200000 | 1040699 |
| ശുചിത്വം | | 1068000 | -- | 1068000 | -- | 1068000 |
| സംസ്ഥാന സർക്കാർ ഫണ്ട് വിമുക്തി, ആശ്രയ ,സ്വച്ച് ഭാരത്, കുടിവെള്ളം , മഴക്കാല പൂർവ്വ ശുചീകരണം | | 10,76,511 | 12,74,875 | 23,51,386 | 15,15,511 | 8,35,875 |
| ബി ഫണ്ട് | | | 1,95,905 | 1,95,905 | 1,95,905 | |
| കിൻഫ്ര | | 2,84,13,986 | 12,34,271 | 2,96,48,257 | 1,02,03,250 | 1,94,45,007 |
| കിൻഫ്ര | | | 37,13,938 | 37,13,938 | 37,13,938 | 0 |
| ജോയിന്റ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -- | 741200 | 741200 | 741200 | -- |
| | ജില്ലാ പഞ്ചായത്ത് | -- | 1061720 | 1061720 | 1061720 | -- |

ജനറൽ പർപ്പസ് ഗ്രാന്റ് ₹ 85,64,897ലഭിച്ചിട്ടുണ്ട്. ഈ ഗ്രാന്റിന് മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , വരവ് ചെലവ് നീക്കിയിരിപ്പിന്റെ വിവരം ലഭിച്ചിട്ടില്ല. കിൻഫ്ര വരവായി ₹ 12,34,721 ഉണ്ട്. ഇതിൽ ₹ 10,00,000 തയ്യിൽ മുക്ക് കടാങ്കോട് റോഡ്

പുനരുദ്ധാരണത്തിനും, ₹2,34,271 കണ്ണൂർ വിമാനത്താവള പുനരധിവാസ കേന്ദ്രങ്ങളിലേക്ക് വൈദ്യുതി എത്തിക്കാനും തെരുവ് വിളക്ക് ലൈൻ വലിക്കാനും ലഭിച്ചതാണ്. ഇവ ഡെപ്പോസിറ്റ് വർക്കായി ഏറ്റെടുത്ത് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. കിൻഫ്ര ഫണ്ട് ₹37,13,938 കുളം നിർമ്മാണത്തിനായി ലഭിച്ച തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്.

കിൻഫ്ര ഫണ്ടിൽ 2018-19 ₹ 1,94,45,007 നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പുള്ള തുക 2019-20 വർഷം ചെലവഴിക്കുന്നുണ്ടെന്നാണ് പഞ്ചായത്ത് അക്കൗണ്ടന്റ് വ്യക്തമാക്കിയത്

ആശ്രയ അഗതി രഹിത പദ്ധതിയ്ക്കായി ലഭിച്ച ചാലഞ്ച് ഫണ്ട് 6/2019 ൽ സിഡി എസിന് കൈമാറിയിട്ടുണ്ട്. തനത് ഫണ്ട് ബാങ്ക് / ട്രഷറി അക്കൌണ്ട് വരവ് ചെലവ് കൃത്യമല്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗീകമായി നടപ്പാക്കിയത് | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 137 | 7,30,97,649 | 110 | 7 | 103 | 4,38,89,862 | 27 | 75.18 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 37,86,332.00 | 18 | 33,21,869.00 | 15 | 83.33 |
| കൃഷി ഓഫീസർ | 40,84,438.00 | 12 | 30,35,183.00 | 12 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 65,96,952.00 | 14 | 40,61,167.00 | 7 | 50 |
| വെറ്ററിനറി സർജ്ജൻ | 19,15,000.00 | 4 | 9,73,333.00 | 4 | 100 |
| മെഡിക്കൽ ഓഫീസർ | 10,17,200.00 | 5 | 9,50,921.00 | 5 | 100 |

| | | | | | |
|---|---|---|---|---|---|
| പി.എച്ച്.സി. | | | | | |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2,38,602.00 | 2 | 2,38,602.00 | 2 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 6,05,131.00 | 4 | 6,04,722.00 | 4 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 7,40,339.00 | 8 | 6,61,919.00 | 8 | 100 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 4,90,17,727.00 | 54 | 2,52,06,939.00 | 40 | 74.07 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 32,34,100.00 | 2 | 32,33,647.00 | 2 | 100 |
| ഹെഡ്മിസ്ട്രസ്സ് | 18,61,828,00 | 14 | 16,01,560.00 | 11 | 78.57 |
| ആകെ | 7,30,97,649.00 | 137 | 4,38,89,862 | 110 | 80.29 |

പദ്ധതി ആസൂത്രണം, മോണിറ്ററിംഗ്

കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ 2018-19 - ൽ 17 അംഗ ആസൂത്രണസമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് പ്രത്യേകമായി മിനിട്സ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്ക് സുപ്രധാനമാണ്. ഗ്രാമസഭകളിൽ നിന്നുള്ള കരട് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന് അനുയോജ്യവും മുൻഗണന പരിഗണിച്ചുമുള്ള പ്രോജക്ടുകൾ രൂപീകരിക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. 2018-19 ൽ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ വിവിധ വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനിട്സിൽ ഹാജർ മാത്രമാണ് രേഖപ്പെടുത്തുന്നത്. ചർച്ചകളുടെയോ തീരുമാനങ്ങളുടെയോ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ഉദാ : പൊതുഭരണവും ധനകാര്യവും, പൊതുമരാമത്ത്, പ്രാദേശിക സാമ്പത്തികവികസനം, ദാരിദ്ര്യ ലഘൂകരണം തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പുകൾ.

കൂടാതെ, പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

മേൽ വിഷയങ്ങളിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

ഗ്രാമസഭ:- ഗ്രാമസഭകൾ 3 തവണ വീതം കൂടിയിട്ടുണ്ട്. ക്വാറം തികയുന്നതിനുള്ള ജന പ്രാതിനിധ്യം ഗ്രാമസഭകളിൽ ഉണ്ടായിട്ടുണ്ട്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 23755100 | 23755100 | 23755100 | |
| ഭരണചെലവുകൾ | 87184 | 492877 | 580061 | 577900 | 2161 |
| ആകെ | 87,184 | 2,42,47,977 | 2,43,35,161 | 2,43,33,000 | 2,161 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 17760 | 12 |
| കർഷക തൊഴിലാളി പെൻഷൻ | 6959200 | 541 |
| വിധവ പെൻഷൻ | 7497500 | 622 |
| വാർദ്ധക്യകാല പെൻഷൻ | 15018100 | 1266 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2784500 | 228 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1937700 | 155 |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.2.2020 തീയതിയിൽ 3.00 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹46,719 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2018-19 – ൽ പ്രതി മാസം സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. ജീവനക്കാർക്ക് ജോലി വിഭജിച്ചുകൊണ്ടുള്ള സമഗ്ര ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . ജീവനക്കാർ തൻപതിവേട്കൃത്യമായി എഴുതി ഓരോ മാസവും 5-ം തീയതിക്കകം പരിശോധനയ്ക്കായി ഹെഡ് ക്ലാർക്കിന് സമർപ്പിയ്ക്കുവാൻ ഉത്തരവാക്കിയിട്ടുണ്ടെങ്കിലും പ്രതിമാസം ക്ലോസ് ചെയ്ത് സംക്ഷിപ്തം, റണ്ണിംഗ് നോട്ട് എന്നിവ എഴുതി മേലുദ്യോഗസ്ഥന് സമർപ്പിച്ചിട്ടില്ല.

ഇൻകംബെൻസി രജിസ്റ്റർ ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട് .

കെട്ടിട നിർമ്മാണ പെർമിറ്റ് ചട്ടപ്രകാരമുള്ള അപേക്ഷ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ലാത്തത് ഖ 1- 13ൽ ചൂണ്ടി കാണിച്ചിട്ടുണ്ട് .

രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതി സൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ട ചുമതലകൾ നിർവ്വഹിക്കുയും ചെയ്താലേ ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും സുഗമവുമായ നടത്തിപ്പ് സാദ്ധ്യമാകുകയുള്ളൂ.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03/02/2020 | 01/12/2019 മുതൽ 31/01/2020 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/6/2006 മുതൽ 01/07/2006 വരെ | 1997-98 മുതൽ 2005-06 വരെ | 01/08/2006 |

## 1-11 വാർഷിക കണക്കിലെ അപാകങ്ങൾ.

1.വസ്തു നികുതി- തൻവർഷ ഡിമാന്റ് ,കളക്ഷൻ ഇവ സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല .

2.2017-18 ലെ ബി- 15 പ്രകാരം വസ്തു നികുതി കുടിശ്ശിക ഇല്ല. എന്നാൽ 2018-19 സഞ്ചയ പ്രകാരം വർഷാരംഭത്തിൽ 16,799 രൂപ കുടിശ്ശിക ഉണ്ട്.

3.2018-19 ലെ വസ്തു നികുതിയിനത്തിൽ സഞ്ചയ ഡിസി ബി പ്രകാരം 45,985 രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റിനത്തിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ ലഭ്യമായിട്ടില്ല.

4. ലൈബ്രറി സെസ് ഇനത്തിൽ ബി- 9 പ്രകാരം 6,56,581 രൂപയാണ് ഒടുക്കുവാൻ ശേഷിക്കുന്നത്. ആയത്2017-18 ലെ ബി-9 പട്ടിക + 2018-19 ലെ RP-36 മായി പൊരുത്തപ്പെടുന്നില്ല. [170314(ബി.9 17-18)+479381(ആർ.പി.36 18-19= 649695)]

5.അദർ ഡെപ്പോസിറ്റ് ഇനത്തിലെ മുന്നിരിപ്പ്, വരവ് ,ചെലവ് ,നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

## 1-12 വസ്തു നികുതി പരിഷ്കരണം -മേഖല നിർണ്ണയിച്ചതിലെ ന്യൂനത

തദ്ദേശ സ്വയംഭരണ(ആർ.ഡി.) വകുപ്പിന്റെ 14-01-2011 ലെ സ.ഉ(അ) നം. 19/2011/ത.സ്വ.ഭ.വ , സ.ഉ(അ) നം. 20/2011/ത.സ്വ.ഭ.വ. എന്നീ വിജ്ഞാപന പ്രകാരവും കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 07-12-2011 ലെ 179/2011 നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരവും വസ്തുനികുതി പരിഷ്കരണത്തിനായി പുറപ്പെടുവിച്ച അന്തിമവിജ്ഞാപന പ്രകാരം വായാന്തോട് പ്രദേശം മുഴുവനും, വായാന്തോട് മുതൽ ചാലോട് പഞ്ചായത്ത് അതിർത്തി വരെ റോഡിന്റെ ഇരുവശവും 100 മീറ്റർ ദൂരം വരെയുമാണ് പ്രഥമ മേഖലയായി നിശ്ചയിച്ചിട്ടുള്ളത്. കൃത്യമായ അതിരുകൾ നിശ്ചയിക്കാതെ ഒരു പ്രദേശം മുഴുവനായി പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയത് ശരിയായ നടപടിയല്ല. വായാന്തോട് ഭാഗത്ത് കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ ഏത് ഭാഗം വരെയാണ് പ്രഥമമേഖലയായി പരിഗണിക്കുന്നത് എന്ന് വ്യക്തമല്ല. അന്തിമ വിജ്ഞാപനം തയ്യാറാക്കിയതിലെ ന്യൂനത ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ഭാവിയിൽ അന്തിമ വിജ്ഞാപനം തയ്യാറാക്കുമ്പോൾ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണ പെർമിറ്റ് - ചട്ടപ്രകാരമുള്ള

# അപേക്ഷാ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ രജിസ്റ്റർ സൂക്ഷിക്കുന്നതിൽ 02-12-2015 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 12900/ആർ.എ1/ 2015/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ചേർക്കുന്നില്ല.

2. ഫയലുകളിലെ തുടർ നടപടികളുടെ വിവരങ്ങളും തീർപ്പാക്കിയതിന്റെ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

3. തദ്ദേശ ഭരണ (ആർ ബി) വകുപ്പിന്റെ 01-03-16ലെ എൽ എസ് ജി ഡി- ആർ.ബി 3/29/2016/ പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്കുമേൽ നിർമ്മാണമോ കൂട്ടിച്ചേർക്കലോ നടത്തുന്നതിന് പെർമിറ്റ് അനുവദിക്കുമ്പോൾ ഇതുസംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. ഫയൽ നമ്പർ A3- 4886/18, 18-07-18 : തോട്ടത്തിൽ പുതിയ പുരയിൽ റഫമത്ത്, നൌഷാദ് മുതൽപേരുടെ സ്പെഷ്യൽ റസിഡൻസ് പെർമിറ്റ് അപേക്ഷ – രജിസ്റ്ററിൽ ചേർത്തിരിക്കുന്ന ഫ്ലോർ ഏരിയ 3921.24 ചതുരശ്ര മീറ്റർ ആണ്. എന്നാൽ അപേക്ഷയിലും പ്ലാനിലും അനുവദിച്ച പെർമിറ്റിലും ഫ്ലോർ ഏരിയ 3700.03 ചതുരശ്ര മീറ്റർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആദ്യം 3921.24 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള കെട്ടിടം നിർമ്മിക്കാനാണ് അനുമതി തേടിയതെന്നും അപാകത കാരണം തിരിച്ചയച്ചപ്പോൾ 3700.03 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള കെട്ടിടം നിർമ്മിക്കാനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നും അതു പ്രകാരമാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് എന്നും രജിസ്റ്ററിൽ വിസ്തൃതി തിരുത്തുവാൻ വിട്ടുപോയതാണ് എന്നുമാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/2018-19, തീയ്യതി : 24-02-2020) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തെറ്റുകൾ തിരുത്തി അപേക്ഷാ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

5. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 137 പ്രകാരം ക്രമവത്കരണം നടത്തുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് അനുബന്ധം -J ഫോറത്തിലുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇതിൽ ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തനമാരംഭിച്ച ശേഷം ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതിലെ അപാകങ്ങൾ.

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിലെ കീഴല്ലൂർ വില്ലേജിൽ പേരാവൂർ, കീഴല്ലൂർ, കൊതേരി ദേശങ്ങളിലാണ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് സ്ഥിതി ചെയ്യുന്നത്. 28, 86/1,86/2 എന്നീ സർവ്വേ നമ്പറുകളിലാണ് വിമാനത്താവളത്തിലെ പ്രധാന കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്നത്. 2018 ഡിസംബർ 9 ന് പ്രവർത്തനമാരംഭിച്ച എയർപോർട്ടിലെ കെട്ടിടങ്ങൾക്ക് (2,300 ഏക്കർ വിസ്തൃതി) നാളിതു വരെയായി അനുവദിച്ച കെട്ടിട നമ്പറുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ പേര്/തരം | പെർമിറ്റ് നമ്പർ, തീയ്യതി | പ്ലിന്ത് ഏരിയ ച. മീ. | പൂർത്തീകരണ തീയ്യതി | കെട്ടിട നമ്പർ | ഡിമാന്റ് ചെയ്ത വസ്തുനികുതി |
|---|---|---|---|---|---|---|
| 1 | എയ്ഡ് പോലീസ് സ്റ്റേഷൻ | ലഭ്യമല്ല | 289 | 08-09-18 | KLP IX20 A | 13,277 |
| 2 | ബി പി സി എൽ – കിയാൽ ഫ്യുവൽ ഫാം | “ | 350.5 | 2018 Ist half | KLP IX20 B | 17,391 |
| 3 | ബി പി സി എൽ – കിയാൽ ഫ്യുവൽ ഫാം | “ | 58 | 2018 Ist half | KLP IX20 C | 3,654 |
| 4 | കാറ്ററിംഗ് യൂനിറ്റ് | “ | 161.33 | 08-12-18 | KLP IX20 D | 17,618 |
| 5 | എയർ ട്രാഫിക് കൺട്രോൾ യൂനിറ്റ് | “ | 1964 | 28-01-19 | KLP IX20 E | 97,439 |
| 6 | പാസ്സഞ്ചർ ടെർമിനൽ | “ | 102577.7 | 28-01-19 | KLP IX20 F | 1,16,32,309 |
| 7 | ഫയർ സ്റ്റേഷൻ ഈസ്റ്റ് | “ | 858.42 | 09-07-19 | KLP IX20 G | 39,434 |

| | | | | | | |
|---|---|---|---|---|---|---|
| 8 | ഫയർ സ്റ്റേഷൻ വെസ്റ്റ് | “ | 858.42 | 09-07-19 | KLP IX20 H | 39,434 |
| 9 | എ ജി എൽ സബ്സ്റ്റേഷൻ ഈസ്റ്റ് | “ | 83.15 | 09-07-19 | KLP IX20 I | 3,363 |
| 10 | എ ജി എൽ സബ്സ്റ്റേഷൻ വെസ്റ്റ് | “ | 83.15 | 09-07-19 | KLP IX20 J | 3,363 |
| 11 | വർക്ക് ഷോപ്പ് | “ | 1197.79 | 09-07-19 | KLP IX20 K | 74,668 |
| 12 | ആൻസിലറി ബിൽഡിംഗ് | “ | 400 | 09-07-19 | KLP IX20 L | 42,000 |
| 13 | ആൻസിലറി ബിൽഡിംഗ് | “ | 100 | 09-07-19 | KLP IX20 M | 3,675 |
| | ആകെ | | 108981.46 | | | 11,987,625 |

മേൽ പട്ടികയിൽ ക്രമ നമ്പർ 1 മുതൽ 4 വരെ കെട്ടിടങ്ങൾക്ക് മാത്രമാണ് ഓഡിറ്റ് കാലയളവിൽ നമ്പർ അനുവദിച്ചിട്ടുള്ളത്. ഈ കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. വിമാനത്താവളം പ്രവർത്തനം തുടങ്ങുന്നതിന്റെ ഭാഗമായി അടിയന്തിര സാഹചര്യത്തിൽ (പ്രവർത്തനം തുടങ്ങുന്നതിന്റെ തലേന്നത്തെ ദിവസം) കെട്ടിട നമ്പർ അനുവദിക്കേണ്ടി വന്നതിനാൽ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന മേഖല, അവയുടെ ഉപയോഗക്രമം എന്നിവ നിശ്ചയിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് പിശകുകൾ സംഭവിച്ചിട്ടുണ്ട്. പദ്ധതി പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ആവശ്യമില്ലാത്തിനാൽ ഒരോ കെട്ടിടവും പൂർത്തിയായി നമ്പറിംഗിന് അപേക്ഷ സമർപ്പിക്കുമ്പോൾ മാത്രമാണ് അവയുടെ പ്ലാൻ പഞ്ചായത്തിൽ സമർപ്പിക്കുന്നത് എന്നതും ചെറിയ സമയത്തിനുള്ളിൽ നമ്പർ അനുവദിക്കുന്നതിന് നിർബന്ധിതരാവുകയും ചെയ്യേണ്ടി വരുന്നത് നികുതി നിർണ്ണയത്തിലെ കൃത്യതയെ ബാധിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും നിർമ്മാണ സമയത്തുതന്നെ പ്ലാനുകൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. മേഖല നിർണ്ണയം - തദ്ദേശ സ്വയംഭരണ(ആർ.ഡി.) വകുപ്പിന്റെ 14-01-2011 ലെ സ.ഉ(അ) നം. 19/2011/ത.സ്വ.ഭ.വ , സ.ഉ(അ) നം. 20/2011/ത.സ്വ.ഭ.വ. എന്നീ വിജ്ഞാപന പ്രകാരവും കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 07-12-2011 ലെ 179/2011 നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരവും വസ്തുനികുതി പരിഷ്കരണത്തിനായി പുറപ്പെടുവിച്ച അന്തിമവിജ്ഞാപന പ്രകാരം

വായാന്തോട് പ്രദേശം മുഴുവനം, വായാന്തോട് മുതൽ ചാലോട് പഞ്ചായത്ത് അതിർത്തി വരെ റോഡിന്റെ ഇരുവശവും 100 മീറ്റർ ദൂരം വരെയുമാണ് പ്രഥമ മേഖലയായി നിശ്ചയിച്ചിട്ടുള്ളത്. മേല്പറഞ്ഞ ക്രമ നമ്പർ 1 മുതൽ 4 വരെ കെട്ടിടങ്ങളെ പ്രഥമ മേഖലയിലും അതിനു ശേഷം നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26 /2018-19, തീയ്യതി : 26-02-2020) KLP IX 20 A മുതൽ D വരെയുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിനെതിരെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കാത്തതിനാലാണ് പ്രസ്തുത കെട്ടിടങ്ങളുടെ നികുതി ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി പുനർ നിർണ്ണയിക്കാതിരുന്നത് എന്നാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്. ഈ മറുപടി തൃപ്തികരമല്ല. പദ്ധതി പ്രദേശത്തേക്ക് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള ഒന്നാംതരം റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ടെങ്കിലും വിമാനത്താവളം സ്ഥിതിചെയ്യുന്നത് ദ്വിതീയ, ത്രിതീയ മേഖലകളിലാണ്. ഇതിനു ശേഷം നമ്പർ അനുവദിച്ച E മുതൽ M വരെ കെട്ടിടങ്ങളുടെ നികുതി കിയാൽ അപ്പീൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ ദ്വിതീയമേഖലയിലാക്കി പുനർനിർണ്ണയിച്ചിരുന്നു. അപാകം ശ്രദ്ധയിൽ പെട്ടപ്പോൾ ആദ്യനാല് കെട്ടിടങ്ങളുടെ നികുതിയും പുനർനിർണ്ണയിക്കാതിരുന്നത് ശരിയായ നടപടിയല്ല. പ്രസ്തുത അപാകം പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

3. വിമാനത്താവളം കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായി താത്കാലിക പോലീസ് സ്റ്റേഷൻ എയ്ഡ് റൂം സ്ഥാപിച്ചതിന് താത്കാലിക കെട്ടിട നമ്പർ അനുവദിക്കുന്നതിന് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിനുവേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടർ 30-08-18 ന് അപേക്ഷ സമർപ്പിച്ചതനുസരിച്ച് കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01-09-18 ലെ എ3/5784/18 നമ്പർ നടപടിക്രമ പ്രകാരം ₹13,277 നികുതി നിശ്ചയിച്ച് മൂന്നു മാസത്തേക്ക് താത്കാലിക നമ്പർ അനുവദിച്ചിട്ടുണ്ട്. അതിനു ശേഷവും തുടരേണ്ടുന്ന പക്ഷം പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി 3 മാസം കൂടി താത്കാലിക നമ്പർ തുടരുവാൻ അനുവദിക്കുന്നതും 6 മാസത്തിനു ശേഷം കെട്ടിടം പൊളിച്ച് ഗ്രാമപഞ്ചായത്തിൽ വിവരമറിയിക്കുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു. ഇപ്രകാരം അനുമതി പുതുക്കുകയോ 6 മാസത്തിനുശേഷം കെട്ടിടം പൊളിച്ചു നീക്കുകയോ അല്ലാത്ത പക്ഷം കെട്ടിടം ക്രമവത്കരിച്ച് നമ്പർ അനുവദിക്കുകയോ ചെയ്തിട്ടില്ല. താല്കാലിക പോലീസ് സ്റ്റേഷൻ നിലവിലും പ്രവർത്തിച്ചു വരുന്നുണ്ടെന്നും ആയത് പെർമനന്റ് കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും വിമാനത്താവളത്തിന്റെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് അനിവാര്യമായ പോലിസ് സ്റ്റേഷൻ പൊളിച്ച് മാറ്റുവാൻ നടപടി സ്വീകരിക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുള്ള കാര്യമാണ് എന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26 /2018-19, തീയ്യതി : 26-02-2020) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കെട്ടിടം പൊളിച്ച് മാറ്റുവാൻ പറ്റാത്ത സാഹചര്യത്തിൽ ആയത് ക്രമവത്കരിച്ച് പെർമനന്റ് നമ്പർ അനുവദിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി -അപാകങ്ങൾ

2018-19 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു.

1. കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാരുടെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി റിട്ടേണുകളിൽ ജീവനക്കാരുടെ വരുമാനവിവരം രേഖപ്പെടുത്തുകയോ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. രണ്ടാം അർദ്ധവർഷം സ്ഥാപനം തയ്യാറാക്കിയ റിട്ടേൺ നിശ്ചിത പ്രഫോർമയിലുള്ളതല്ല. റിട്ടേണിൽ ഉണ്ടായിരിക്കേണ്ട വിവരങ്ങളൊന്നും തന്നെ സമർപ്പിച്ച പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. എം.ജി.എൻ.ആർ.ഇ.ജി.എസ്. സെക്ഷൻ സമർപ്പിച്ച രണ്ട് അർദ്ധവർഷങ്ങളിലെ റിട്ടേണുകളും സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. തൊഴിലുടമയുടെയോ/സ്ഥാപനത്തിന്റെയോ തൊഴിൽനികുതി ഒടുക്കുന്നതിനായി 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങളിലെ 10-ാം ചട്ടം അനുസരിച്ച് ഒരു അർദ്ധവർഷത്തെ ആകെയുള്ള വരുമാനം കണക്കാക്കുന്നതിന് തൊഴിലുടമ/സ്ഥാപനം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഹാജരാക്കിയ ടേൺഓവർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ വരുമാനവും ഈടാക്കിയ തൊഴിൽ നികുതിയും ചുവടെ കൊടുക്കുന്നു.

| തൊഴിൽനികുതി രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷത്തെ സ്ഥിരവരുമാനം | ഈടാക്കിയ നികുതി |
|---|---|---|---|
| 42 | കുടാളി പബ്ലിക് സർവന്റ്സ് സഹ. സംഘം | 2,68,978 | 1,250 |
| 49 | കൊതേരി വനിത സഹ.സംഘം | 4,50,000 | 450 |
| 50 | മോട്ടോർ ട്രാൻസ്പോർട്ട് എംപ്ലോയീസ് സഹ.സംഘം | 58,000 | 450 |

ടേൺ ഓവർ 2,68,978 രൂപ വരുമാനം രേഖപ്പെടുത്തിയവരിൽ നിന്നും 1,250 രൂപയും 4,50,000 രൂപ വരുമാനം രേഖപ്പെടുത്തിയവരിൽ നിന്നും 450 രൂപയും ഈടാക്കിയത് ഏതടിസ്ഥാന ത്തിലാണ് വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/18-19, തീയ്യതി : 25-02-2020) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ഒരോ സ്ഥാപനത്തിന്റെയും ടേൺ ഓവർ സ്റ്റേറ്റ്മെന്റിലെ വരുമാനം കൃത്യമായി പരിശോധിച്ച് മാത്രം സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2018-19 വർഷം രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | തൊഴിൽനികുതി രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 67 | ~~ടോഡി ഷോപ്പ്, വെള്ളിയാംപറമ്പ്~~ |
| 2 | 73 | കല്ല്യാണി ഫ്യൂവൽസ്, പെട്രോൾ പമ്പ്, ചാലോട് |
| 3 | 77 | പയനിയർ വുഡ് ഇൻഡസ്ട്രീസ് |
| 4 | 100 | കാർഷിക വികസന ബാങ്ക് (തലശ്ശേരി പ്രാഥമിക സഹ.സംഘം) |

ആകെ 21 സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/18-19, തീയ്യതി : 25-02-2020) ലഭ്യമാക്കിയ മറുപടിയിൽ മുകളിൽ പറഞ്ഞ 4 സ്ഥാപനങ്ങളൊഴിച്ച് ബാക്കിയുള്ളവ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകളൊന്നും തൊഴിൽ നികുതി രജിസ്റ്ററിൽ (ജീവനക്കാർ, ട്രേഡേഴ്സ്) വരുത്തിയിരുന്നില്ല. നിലവിൽ ട്രേഡേഴ്സിന്റെ തൊഴിൽനികുതി രജിസ്റ്ററിൽ നികുതി ഒടുക്കിയവരുടെ പേരും തുകയും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. സ്ഥാപന തൊഴിൽ നികുതി ഒടുക്കേണ്ട സ്ഥാപനങ്ങൾ ടേൺ ഓവർ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നുണ്ടെന്നും ആയതിൽ കൃത്യമായ വരുമാനം ചേർത്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ജീവനക്കാർ ഉറപ്പ് വരുത്തുന്നില്ല. പഞ്ചായത്ത് നൽകിയ മറുപടിയിൽ ടോഡി ഷോപ്പ്, വെള്ളിയാംപറമ്പ് എന്ന സ്ഥാപനത്തിന്റെ ബിൽഡിംഗ് പൊളിഞ്ഞതിനാൽ തൊഴിലാളികളുടെ തുക മാത്രമേ ഒടുക്കിയിട്ടുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ബിൽഡിംഗ് പൊളിഞ്ഞു പോയി എന്ന് സ്ഥാപനം രേഖാമൂലം അറിയിച്ചിട്ടുണ്ടോ എന്നും അങ്ങനെ അറിയിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തെ വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്ററിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സ്ഥാപനത്തിൽ നിന്നും കൃത്യമായ ടേൺഓവർ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതും ട്രേഡേഴ്സിന്റെ തൊഴിൽ നികുതി രജിസ്റ്റർ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

5. 2018-19 വർഷം താഴെപ്പറയുന്നവർ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1.ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ അംഗീകൃത കരാറുകാർ

2.ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ആവശ്യങ്ങൾക്ക നിയമിച്ച ഡ്രൈവർമാർ.

3.പെയിൻ & പാലിയേറ്റീവ് നേഴ്സ്

4.ഗ്രാമ പഞ്ചായത്ത് 2018-19 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസവേതനത്തിന് നിയമിച്ച ജീവനക്കാർ.

5. വെള്ളിയാംപറമ്പ് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന അനാസ് ഫർണിച്ചർ യൂനിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന് അറിയിപ്പ് നൽകിയിട്ടുണ്ട് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

6. 2018-19 രണ്ടാം അർദ്ധവർഷം മുതലാണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി തുടങ്ങിയിട്ടുള്ളത്. കിയാൽ സമർപ്പിച്ച റിട്ടേണിൽ സാങ്കേതിക വിഭാഗം ജീവനക്കാർ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. വിമാനത്താവളത്തിൽ ദിവസവേതനത്തിനോ കരാറടിസ്ഥാനത്തിലോ ജോലിചെയ്യുന്ന ജീവനക്കാരെ (ഗാർഡുമാർ, സെക്യൂരിറ്റി ജീവനക്കാർ, ശുചീകരണ തൊഴിലാളികൾ, പൂന്തോട്ടം തൊഴിലാളികൾ) ഉൾപ്പെടുത്തിയിരുന്നില്ല. ഈ വിഭാഗം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/18-19, തീയ്യതി : 25-02-2020) ലഭ്യമാക്കിയ മറുപടിയിൽ 2018 ഡിസംബറിലാണ് വിമാനത്താവളത്തിന്റെ ഉദ്ഘാടനം നടന്നതെന്നും മേൽപറഞ്ഞ ജീവനക്കാരുടെ ആ അർദ്ധ വർഷത്തിലെ വരുമാനം തൊഴിൽ നികുതി സ്ലാബിന്റെ പരിധിയിൽ വരാത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. വിമാനത്താവളത്തിൽ ജോലി ചെയ്തുവരുന്ന എല്ലാ വിഭാഗം ജീവനക്കാരുടേയും പേര് വിവരങ്ങൾ റിട്ടേണിൽ ഉൾപ്പെടുത്തേണ്ടതും ഇവർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണോ എന്ന് പരിശോധിച്ച് ആയത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996 ചട്ടം 10, 13, 16)

# 1-16 എഫ് ടി ഇ & ഒ എസ് ലൈസൻസ് - അപാകങ്ങൾ

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ GO(P)നം.80/17/ത.സ്വ.ഭ.വ. എസ്. ആർ.ഒ. നം.647/17, പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234 വകുപ്പുകളും 254 കൂട്ടി വായിച്ചതും 2017 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ഫാക്ടറികളേയും വ്യാപാരങ്ങളേയും സംരംഭ പ്രവർത്തനങ്ങളേയും സേവനം, ഉല്പാദനം എന്നിങ്ങനെ അവയുടെ മൂലധന നിക്ഷേപത്തിന്റെ

അടിസ്ഥാനത്തിൽ വ്യത്യസ്ത സ്ലാബുകളാക്കി തരംതിരിച്ച് ലൈസൻസ് ഫീ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്.

എന്നാൽ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ഇപ്രകാരം ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നില്ല. ആകെയുള്ള 609 അപേക്ഷകളിൽ ഒന്നുംതന്നെ അന്വേഷണ ഉദ്യോഗസ്ഥർ മൂലധന നിക്ഷേപം രേഖപ്പെടുത്തി ഫീസ് കണക്കാക്കിയതായി കാണുന്നില്ല. ഭൂരിഭാഗം അപേക്ഷകളും ഭാഗികമായി മാത്രമേ പൂരിപ്പിച്ചിട്ടുള്ളൂ. അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് എഴുതുകയോ സെക്രട്ടറി അംഗീകരിക്കുകയോ ചെയ്യുന്നില്ല. ലൈസൻസിനായി ലഭിച്ച അപേക്ഷകളിലൊന്നും തന്നെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽ മൂലധന നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കാതെ പഴയ രീതിയിൽ തന്നെയാണ് അന്വേഷണ ഉദ്യോഗസ്ഥർ റിപ്പോർട്ട് തയ്യാറാക്കി (റിപ്പോർട്ട് തയ്യാറാക്കിയ ഫയലുകളിൽ) ലൈസൻസ് അനുവദിച്ചിട്ടുള്ളത്. അപാകങ്ങളുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച് തുടങ്ങിയ തീയ്യതി, ഫാക്ടറികളേയും വ്യാപാരങ്ങളേയും സംരംഭ പ്രവർത്തനങ്ങളേയും സേവനം, ഉല്പാദനം എന്നിങ്ങനെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത സ്ലാബുകളാക്കി തരംതിരിച്ച് ലൈസൻസ് ഫീ ഏർപ്പെടുത്തിയ പഞ്ചായത്ത് തീരുമാനം, ലൈസൻസ് പെർമിഷൻ രജിസ്റ്റർ പ്രകാരം 01-02-18 മുതൽ 31-03-18 വരെ ചട്ടപ്രകാരം അഡ്വാൻസ് ഫീയൊടുക്കിയ അപേക്ഷകരുടെ സംഗതികളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പിന്നീട് അധിക ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ എപ്രകാരമാണ് എന്നും വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/2018-19, തീയ്യതി : 26-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

2. എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3. ഓഡിറ്റ് വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 6 കള്ള് ഷാപ്പുകളിലെ (ചാലോട്, വെള്ളിയാംപറമ്പ്, കാര പേരാവൂർ, പാലയോട്, കീഴല്ലൂർ, എളമ്പാറ) ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ട്. എന്നാൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ഒരു കള്ള് ഷാപ്പ് മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ (ക്രമ നമ്പർ 605). രണ്ടു ഷാപ്പുകൾ ലൈസൻസ് എടുത്തിട്ടുണ്ടെന്നും ബാക്കിയുള്ള നാലെണ്ണത്തിന്റെ ഉടമകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/2018-19, തീയ്യതി : 26-02-2020) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നു എന്നുറപ്പുവരുത്തേണ്ടതും പിഴയടക്കം ഫീസ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

4. എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം രണ്ടു റേഷൻകടകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ആകെ 6 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട് എന്നും ബാക്കിയുള്ള 4 റേഷൻ കടകൾക്ക് ലൈസൻസ് ഫീ ഒടുക്കുന്നതിന് അറിയിപ്പ്

നൽകിയിട്ടുണ്ട് എന്നമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/2018-19, തീയ്യതി : 26-02-2020) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന എന്നുറപ്പുവരുത്തേണ്ടതും പിഴയടക്കം ഫീസ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

5. എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 400 പ്രകാരം ഡോ. ഹരീന്ദ്രൻ (ഹരിലത ഹോസ്പിറ്റൽ) അലോപ്പതി മരുന്ന് സ്റ്റോക്ക് ചെയ്ത് വില്പന നടത്തുന്നതിന് ലൈസൻസ് എടുത്തിട്ടുണ്ട്. ടിയാൻ 2018-19 വർഷം സ്വകാര്യ ആശുപത്രി നടത്തുന്നതിന് പാരമെഡിക്കൽ രജിസ്ട്രേഷൻ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ മാത്രമേ എടുത്തിട്ടുള്ളൂ. ടിയാൻ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഒടുക്കുന്നതിന് ആശുപത്രി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് ഫീ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-17 സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള നികുതി ചുമത്താനാകുമോ എന്ന സാഹചര്യം പരിശോധിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചാ യത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ച ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. പഞ്ചായത്ത് ലഭ്യമാക്കുന്ന സേവനങ്ങൾക്ക് നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

# 1-18 ഇ-ടെണ്ടർ ഫോറം വില തിരികെ ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഇ – ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. 2018-

19 സാമ്പത്തികവർഷത്തിൽ 30,132/- രൂപ ഈയിനത്തിൽ വരവുണ്ട്.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ജെ എൽ ജി ഗ്രൂപ്പിന് ട്രാക്ടർ നൽകൽ പദ്ധതിയിൽ , ഇ ടെണ്ടർ ഫീസായി 3,200 രൂപ ഈടാക്കിയത് കൃഷി വകുപ്പിന്റെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കാൻ കൃഷി ഓഫീസറെ ചുമതലപ്പെടുത്തുവാൻ ഭരണസമിതിയുടെ നം 150/18(4) തീയതി 25.9.2018 തീരുമാനിച്ചിട്ടുണ്ട് ആയത് വരവ് വെച്ചിട്ടില്ല എന്നാണ് എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി മറുപടി നൽകിയത് .

ഈ തുകകൾ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ജി.എസ്.ടി. ഇനത്തിൽ തുക ഒടുക്കാൻ ബാക്കിയുണ്ടെങ്കിൽ ആയത് ഒടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-19 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

1996 – ലെ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കി നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് ഒടുക്കു വരുത്തുന്ന തുകയുടെ 1% വരുന്ന തുക കളക്ഷൻ ചാർജ്ജിനത്തിൽ അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ ഈ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

# 1-20 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധി അക്കൗണ്ടിൽ (അക്കൗണ്ട് നം. 1156, എടയന്നൂർ സർവ്വീസ് സഹ.ബാങ്ക്) 01-04-2018ന് 97130/- രൂപയും 31-03-2019 ന് 1,06,200/- രൂപയും നീക്കിയിരിപ്പുണ്ട്. ഓഡിറ്റ് കാലയളവിൽ ദുരിതാശ്വാസ നിധിയിൽനിന്നും ₹ 2,000 മാത്രമേ ചെലവു ചെയ്തിട്ടുള്ളൂ (15-01-2019 ന്). 30-08-18 ന് ശേഷം പ്രസ്തുത നിധിയിലേക്ക് യാതൊരുവിധ വരവും ഉണ്ടായിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി രൂപീകരിച്ച പ്രസ്തുത നിധി ഈ രീതിയിൽ നിഷ്ക്രിയമായി തുടരുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ദുരിതാശ്വാസനിധി സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വ്യാപകമായ പ്രചാരണം നൽകേണ്ടതും ചട്ടം 7 പ്രകാരം നിധിയിൽ നിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നല്കിയവരുടെയും പേരുവിവരങ്ങളും തുകയും മറ്റു കണക്കുകളും രേഖപ്പെടുത്തിയ

രജിസ്റ്റർ സൂക്ഷിക്കേണ്ടതും ടി വിവരങ്ങൾ യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ അതതു സംഗതിപോലെ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ്.

## 1-21 വെള്ളക്കരം കുടിശ്ശിക 1.09 ലക്ഷം രൂപ ക്രമീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 63 വാട്ടർ ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കിവരുന്നുണ്ട്. 2019 മാർച്ച് മാസം വാട്ടർ അതോറിറ്റി നൽകിയ ബിൽ പ്രകാരം 1,08,520/- രൂപ (1,06,422 കുടിശ്ശിക + 2098 പിഴ) കുടിശ്ശികയായി ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കുടിശ്ശിക വരാനുള്ള കാരണം പരിശോധിച്ച് തുക ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളെ സംബന്ധിച്ച സംയുക്ത പരിശോധന നടത്തേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 പ്രവർത്തിക്കാത്ത ടെലിവിഷന്റെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നു

ഗ്രാമപഞ്ചായത്തിലെ പാലയോട് വെയ്റ്റിംഗ് ഷെഡ്ഡിലെ വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട് പ്രതിമാസം 240/- രൂപ വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്നുണ്ട്. വെയ്റ്റിംഗ് ഷെഡ്ഡിലെ ടെലിവിഷൻ പ്രവർത്തിപ്പിക്കുന്നതിനുൾപ്പെടെയാണ് ചാർജ് ഒടുക്കിവരുന്നത്. എന്നാൽ നിലവിൽ ടെലിവിഷൻ പ്രവർത്തിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ജലസേചന പമ്പ് സെറ്റ് - വിതരണം - മുൻഗണനാക്രമത്തിൽ നൽകുന്നില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ പേര് | ജലസേചനത്തിന് പമ്പ് വിതരണം |
| പ്രോജക്ട് നമ്പർ | 91/19 |
| അടങ്കൽ | 1,23,897 (വികസന ഫണ്ട്-പൊതു വിഭാഗം )<br>1,23,897 (മറ്റുള്ളവ ) |
| ചെലവ് | 1,23,897 |
| ബിൽ നം &തീയതി | 52,480 (21/22/1/19) |
| | 26,098(26/30.1.2019) |
| | |

| | |
|---|---|
| | 45,319( 27/16/2/2019) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ജലസേചന പമ്പ് സെറ്റ് വിതരണം എന്ന പദ്ധതിയിൽ 20 ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നൽകിയ വകയിൽ 1,23,897/- രൂപ ചെലവഴിച്ചിട്ടുണ്ട്. 50% തുക 1,23,897 രൂപ ഗുണഭോക്താവ് നേരിട്ട് വഹിക്കുന്നു.

ഈ പദ്ധതിക്ക് വേണ്ടി 85 പേർ ഉൾപ്പെടുന്ന ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ കൂടുതൽ മാർക്ക് ലഭിച്ച അർഹരായവർക്ക് സബ്സിഡി നൽകാതെ മാർക്ക് കുറഞ്ഞവർക്കാണ് സബ്സിഡി നൽകിയിരിക്കുന്നത്. വിശദവിവരം താഴെ കൊടുക്കുന്നു.

| മാർക്ക് | എണ്ണം | ആനുകൂല്യം നൽകിയവരുടെ എണ്ണം |
|---|---|---|
| 100 മാർക്ക് ലഭിച്ചവരുടെ എണ്ണം | 9 | 1 |
| 80 മാർക്ക് ലഭിച്ചവരുടെ എണ്ണം | 33 | 5 |
| 60 മാർക്ക് ലഭിച്ചവരുടെ എണ്ണം | 38 | 13 |
| 40 മാർക്ക് ലഭിച്ചവരുടെ എണ്ണം | 4 | 1 |
| 20 മാർക്ക് ലഭിച്ചവരുടെ എണ്ണം | 1 | 0 |
| ആകെ | 85 | 20 |

വികസന കാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 12.3.2018 ലെ 7/18(1) നമ്പർ തീരുമാനത്തിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പ്രോജക്ടുകളുടെ കരട് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി നൽകുന്നതിന് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. കൃഷിയും അനുബന്ധമേഖലകൾക്കുമായി ലൈവ്സ്റ്റോക്ക്ഇൻസ്പെക്ടർ/ വിഇഒവിനെയാണ്ചുമതലപ്പെടുത്തിയത് . അതിനാൽ ഈ ഉദ്യോഗസ്ഥരുടെ പരിശോധന റിപ്പോർട്ട് കൃത്യമാണോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കൂടിയ മാർക്ക് ലഭിച്ചവരിൽ നിന്നും സബ്സിഡി ആവശ്യമില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കാതെയാണ് മറ്റുള്ളവർക്ക് ആനുകൂല്യം നൽകികാണുന്നത്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം - 14 തീയതി - 24.2.2020) മറുപടി നൽകിയിട്ടില്ല . ഇതുപോലെ മിക്ക പദ്ധതികളിലും മുൻഗണനാക്രമം പാലിക്കുന്നില്ല. അപേക്ഷകരുടെ ബാഹുല്യവും, എന്നാൽ പദ്ധതി ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണം വളരെ കുറവുമായതിനാൽ, ആനുകൂല്യംവിതരണം ചെയ്യാൻ പ്രയാസകരമായതിനാൽ അപേക്ഷ ക്ഷണിക്കുമ്പോൾ തന്നെ അതിന്റെ കൂടെ സമർപ്പിക്കുവാനുള്ള രേഖകളും ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാനായി കൃഷി അനുബന്ധമേഖല വർക്കിംഗ് ഗ്രൂപ്പ് 7.11.2018 ൽ

തീരുമാനമെടുത്തിട്ടുണ്ട്. ആയതു പ്രായോഗികമാക്കി മുൻഗണനാക്രമത്തിൽ ആനുകൂല്യം വിതരണം നടത്തേണ്ടതാണ്.

## 1-24 കശുമാവ് ഗ്രാഫ്റ്റ് തൈകൾ വിതരണം - കാഷ്യൂ കോർപ്പറേഷനിൽ തൈകളുടെ ലഭ്യത ഉറപ്പുവരുത്തുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രോജക്ട് | കശുമാവ് ഗ്രാഫ്റ്റ് തൈകൾ വിതരണം |
| പ്രോജക്ട് നം | 39/19 |
| അടങ്കൽ | 2,00,000 (വികസന ഫണ്ട്-പൊതു വിഭാഗം )<br>8,000 (തനത് ) |
| ചെലവ് | 2,00,000 ( 1/1.9.2018)<br>5,873 ( 21800995 / തീയതി 21.3.2019) |
| ബിൽ / വൗച്ചർ നം തീയതി | 2,00,000 ( ബൽ നം1/ തീയതി1.9.2018) |
| | 5,873 ( വൗച്ചർ നം 21800995 / തീയതി 21.3.2019) |

4000 തൈ @ 50 രൂപയ്ക്ക് ആറളം ഫാമിൽ നിന്നും ലഭ്യമാക്കി വിതരണം ചെയ്തിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 22/2018 ത സ്വ ഭ വ തീയതി 14.2.2018 ഖ-6-1 -17 ൽ കാഷ്യൂ കോർപ്പറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭിക്കുന്നില്ലെങ്കിൽ മാത്രം വികസന ഫണ്ട് വിനിയോഗിക്കാം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കാഷ്യൂ കോർപ്പറേഷനിൽ തൈകളുടെ ലഭ്യത ഉറപ്പുവരുത്താതെയാണ് ആറളം ഫാമിൽ നിന്നും തൈകൾ വാങ്ങിച്ചിരിയ്ക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം - 14 തീയതി - 24.2.2020) മറുപടി നൽകിയിട്ടില്ല. മേലിൽ സർക്കാർ ഉത്തരവ് പാലിച്ച് പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-25 കുടുംബശ്രീ ജെ എൽ ജി ഗ്രൂപ്പിന് ട്രാക്ടർ അനുവദിക്കൽ - രേഖകൾ ഹാജരാക്കിയില്ല -₹ 9,28,500 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| | |

| | |
|---|---|
| പ്രോജക്ട് | ജെ എൽ ജി ഗ്രൂപ്പിന് ട്രാക്ടർ അനുവദിക്കൽ |
| പ്രോജക്ട് നം | 115/ 19 |
| അടങ്കൽ | 8,35,650 (വികസന ഫണ്ട്-പൊതു വിഭാഗം )<br><br>92,850 ( ഗുണഭോക്തൃ വിഹിതം ) |
| ചെലവ് | 8,35,650<br><br>92,850 |
| ബിൽ /ചെക്ക് നം തീയതി | 8,35,650 ( ബിൽ നം32/ തീയതി22.3.2019) |
| | 76,270 ( വൌച്ചർ നം 21801022<br><br>തീയതി 30.3.2019)<br><br>16,580 (വൌച്ചർ നം 21801023<br><br>തീയതി 30.3.2019) |

തരിശുവയൽ നെൽവയൽ കൃഷി യോഗ്യമാക്കുക എന്ന ലക്ഷ്യത്തിനു വേണ്ടി കുടുംബശ്രീ ജെ എൽ ജി ഗ്രൂപ്പിന് ട്രാക്ടർ നൽകിയിട്ടുണ്ട്. ഇ ടെണ്ടർ ക്ഷണിച്ചത് പ്രകാരം 2 ടെണ്ടർ ലഭിച്ചിട്ടുണ്ട് റെയ്ഡ്കോ- 9,28,500& ക്ലാസ്സിക് ട്രാക്ടർ - 9,39,000. ഭരണസമിതിയുടെ 11.1.2019ലെ1/19നമ്പറായി റെയ്ഡ്കോവിന്റെ (9,28,500) ഇടെണ്ടർ അംഗീകരിച്ചിട്ടുണ്ട്

9,28,500 യിൽ 10% ഗുണഭോക്തൃവിഹിതമായി സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട് പർച്ചേയിസുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1- ഇ ടെണ്ടറിനോടൊപ്പം വച്ച , ട്രാക്ടറിന്റെ സ്പെസിഫിക്കേഷൻ ലഭ്യമാക്കിയ അതോറിറ്റി ഏതെന്ന് വ്യക്തമാക്കിയിട്ടില്ല.

2- റെയ്ഡ്കോ ലഭ്യമാക്കിയ ട്രാക്ടർ നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതാണെന്ന്

മേൽ പറഞ്ഞ അതോറിറ്റി സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

3-പഞ്ചായത്ത് ഇ ടെണ്ടറിനോടൊപ്പം വച്ച വ്യവസ്ഥകളിൽ കുറഞ്ഞത് 2 വർഷ ഗ്യാരണ്ടിയും, ഉത്തരവാദപ്പെട്ട അധികാരിയിൽ നിന്ന് ടെസ്റ്റ് റിപ്പോർട്ടും വാങ്ങിയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സെൻട്രൽ ഫാം മെഷീനറി ട്രെയിനിംഗ് & ടെസ്റ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അഗ്രിക്കൾച്ചറൽ &കോ ഓപ്പറേഷൻ, ട്രാക്ടർ നഗർ, ബുദ്നി, മധ്യപ്രദേശിന്റെ ടെസ്റ്റ് റിപ്പോർട്ട് (No-CMVR/7-509/584/2012-13തീയതി 13/2/2013) ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഗ്യാരണ്ടി കാലയളവ് എത്രയെന്ന് രേഖകളിൽ നിന്നും വ്യക്തമല്ല. റെയ്ഡ്കോ നിർവ്വഹണ ഉദ്യോഗസ്ഥനുമായി 19.1.2018 ന് വച്ച കരാറിൽ ഗ്യാരണ്ടി കാലയളവ് രേഖപ്പെടുത്തിയിട്ടില്ല

4-രജിസ്ട്രേഷനു വേണ്ടി ആർ ടി ഒ വിനോട് 6.4.2019 ൽ നിർവ്വഹണ ഉദ്യോഗസ്ഥ അപേക്ഷിച്ചിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

5-പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 22/2018 ത സ്വ ഭ വ തീയതി 14.2.2018 ഖ-6-1 – കുറിപ്പ് ക്രമ നം 2-ൽ യന്ത്രങ്ങളുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി സമിതി രൂപീകരിക്കണമെന്നും, സമിതിയുടെ ചെയർപെഴ്സൺ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും, കൺവീനർ ബന്ധപ്പെട്ട കൃഷി ഓഫീസറും ആയിരിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് രൂപീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

6-യന്ത്രോപകരണങ്ങൾ സമിതി മുഖേനയോ, നേരിട്ടോ കർഷകർക്ക് ലഭ്യമാക്കുമ്പോൾ വാടക നിരക്ക് ജില്ലാതലത്തിൽ തീരുമാനിക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട് . യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിലും, വാടക നിരക്ക് ജില്ലാതലത്തിൽ തീരുമാനിച്ചതാണോ എന്ന കാര്യം വ്യകതമല്ല

7- ഗുണഭോക്തൃവിഹിതമായി ₹ 1,08,334 പണമായി ജെ എൽ ജി ഗ്രൂപ്പിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ഇതിൽ 92,850 റെയ്ഡ്കോവിന് നൽകിയിട്ടുണ്ട്. ബാക്കി ₹ 15,484 തിരികെ നൽകിയതിന്റെ രേഖകൾ , ബാങ്ക് പാസ്സ് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുവാനും, വിശദീകരിക്കുവാനുമായി ഓഡിറ്റ് എൻക്വയറി (നം 20 തീയതി 25.2.2020 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തിനാൽ ട്രാക്ടറിനു വേണ്ടി ചെലവഴിച്ച ₹ 9,28,500 തടസ്സപ്പെടുത്തുന്നു

കാഷ് ബുക്കിൽ(TR-7A) തനത് ഫണ്ട്, ഗുണഭോക്തൃവിഹിതം (പണമായി ഈടാക്കുന്നത്) എന്നിവയുടെ ട്രാൻസാക്ഷൻ രേഖപ്പെടുത്തുന്നില്ല.

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിഹിതം നൽകൽ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ടിന്റെ പേര് : 41/19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ – 12,50,000/-

ചെലവ് : 3,12,500/- (വികസന ഫണ്ട്)

ബിൽ നമ്പർ : JNK 1/18-19/27.10.2018

നിർവഹണോദ്യോഗസ്ഥൻ : വെറ്റിനറി സർജ്ജൻ

കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 3,12,500/- രൂപ കണ്ണൂർ ജില്ലാ മൃഗസംരക്ഷണ ഉപഡയറക്ടർക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 1-27 മഴക്കാലപൂർവ ശുചീകരണം - വിനിയോഗം പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിൽ മഴക്കാലപൂർവ ശുചീകരണത്തിന്റെ ഭാഗമായി ശുചിത്വമിഷൻ ഫണ്ടിൽ നിന്ന് ഓരോ വാർഡിലേക്കും 10,000/- രൂപ വീതം അനുവദിക്കുന്നതിനായി ആകെ 1,40,000/- രൂപ (വൗ.നം. 21800170/02.06.2018) മെഡിക്കൽ ഓഫീസർക്ക് (PHC, കീഴല്ലൂർ) നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗവിവരം, വാർഡ് കൺവീനർമാരുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ എന്നിവ പരിശോധിക്കേണ്ടതും അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്.

# 1-28 പാലിയേറ്റീവ് കെയർ പദ്ധതി - ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി എച്ച് സി

പ്രോജക്ട് നമ്പർ : 60/19

പേര് : പാലിയേറ്റീവ് സൗഹൃദ ജില്ല – പാലിയേറ്റീവ് പരിചരണ പദ്ധതി

അടങ്കൽ : 6,00,000 (വികസന ഫണ്ട് ജനറൽ)

: 2,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് : 5,83,271 (വികസന ഫണ്ട് ജനറൽ)

: 2,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ : 7,83,271

2018-19 വർഷം പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. 29-10-15 ലെ സ.ഉ (സാധാ.) 3217/2015/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്റ്റിലും വരുത്തേണ്ടതാണെന്നും വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പദ്ധതിയിൽ തുക ചെലവഴിക്കാൻ പാടില്ലയെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ വിവരങ്ങൾ ഇപ്രകാരം തദ്ദേശ ഭരണ സ്ഥാപന ത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. മാർഗ്ഗരേഖാ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവ് നടത്തുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. അപാകം പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ 2018-19 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് പിന്നീട് സമർപ്പിക്കും എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/2018-19, തീയ്യതി : 18-02-2020) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി അപാകം പരിഹരിക്കേണ്ടതാണ്.

# 1-29 കുടിവെള്ളവിതരണം - ടാങ്കറുകളിൽ ജി.പി.എസ് സംവിധാനം ഒരുക്കിയില്ല

പ്രോജക്ടിന്റെ പേര് : 120/19 വരൾച്ചാ ദുരിതാശ്വാസം - എടയന്നൂർ സർക്കിളിൽ കുടിവെള്ള

വിതരണം

അടങ്കൽ : 4,90,000/- (KIAL CSR ഫണ്ട്)

ചെലവ് : 1,75,624/-

വൗച്ചർ നമ്പർ : No.Nil/31.03.2019

നിർവഹണോദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രോജക്ടിന്റെ പേര് : 121/19വരൾച്ചാ ദുരിതാശ്വാസം - കീഴല്ലൂർ സർക്കിളിൽ കുടിവെള്ള

വിതരണം

അടങ്കൽ : 4,90,000/- (KIAL CSR ഫണ്ട്)

ചെലവ് : 1,73,884/-

വൗച്ചർ നമ്പർ : No.Nil/31.03.2019

നിർവഹണോദ്യോഗസ്ഥൻ : വി.ഇ.ഒ

വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ കീഴല്ലൂർ, എടയന്നൂർ എന്നീ സർക്കിളുകളിൽ കുടിവെള്ളവിതരണം നടത്തുന്നതിനാണ് മേൽ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 21.03.2018 – ലെ സ.ഉ(സാധാ) 754/18 നമ്പർ ഉത്തരവ് പ്രകാരം ജി.പി.എസ് സംവിധാനം ഘടിപ്പിച്ച ടാങ്കർ വഴിയാണ് കുടിവെള്ളവിതരണം നടത്തേണ്ടത്. കൂടാതെ മോണിറ്ററിംഗിനും ജി.പി.എസ് ട്രാക്കിംഗിനുമുള്ള സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ തയ്യാറാക്കേണ്ടതുമാണ്. ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ്ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയ ശേഷമാണ് സെക്രട്ടറി തുക വിനിയോഗിക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള ജി.പി.എസ് സംവിധാനങ്ങൾ ഒരുക്കാതെ, വാഹനത്തിന്റെ ഡ്രൈവർ നൽകിയ സ്റ്റേറ്റ്മെന്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് കുടിവെള്ളവിതരണത്തിന്റെ തുക ചെലവഴിച്ചിരിക്കുന്നത്.

ജി.പി.എസ് സംവിധാനം ഒരുക്കുന്നതിനായി നടത്തിയ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാലും വരൾച്ച രൂക്ഷമായ സാഹചര്യത്തിൽ കുടിവെള്ളവിതരണം വളരെ അത്യാവശ്യമായതിനാലും ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് ഇത്തരത്തിൽ പ്രോജക്ട് നടപ്പാക്കിയതെന്നാണ് നിർവഹണോദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വിശദീകരിച്ചത്. തുടർ വർഷങ്ങളിൽ പ്രോജക്ട് നടപ്പാക്കുമ്പോൾ സർക്കാരിന്റെ ഉത്തരവ് കർശനമായി പാലിക്കേണ്ടതാണ്.

## 1-30 പ്രോജക്ടിനു വിരുദ്ധമായി സാധനം വാങ്ങൽ - ചെലവുതുക ₹52,591 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ . : മെഡിക്കൽ ഓഫീസർ, ജി എ ഡി

പ്രോജക്ട് നമ്പർ : 81/19

പ്രോജക്ടിന്റെ പേര് : ആശുപത്രി ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങൽ

അടങ്കൽ : 48,000 (വികസന ഫണ്ട് ജനറൽ)

: 5,000 (തനത് ഫണ്ട്)

ആകെ : 53,000

ചെലവ് : 48,000 (വികസന ഫണ്ട് ജനറൽ)

: 4,591(തനത് ഫണ്ട്)

ബിൽ നമ്പർ 3/18-19, തീയ്യതി 14-08-18, 48,000/-

ചെക്ക് നമ്പർ 1620947 , തീയ്യതി 23-02-19 , 4,591/-

കീഴല്ലൂർ ഗവ. ആയുർവ്വേദ ആശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി സ്ഥാപനത്തിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 14,000 രൂപയുടെ മേശയും (ചെറുത്) 19,500 രൂപയുടെ 2 അലമാരയും വാങ്ങാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി ആഞ്ഞിലി മരത്തിന്റെ ഒന്നുവീതം മേശയും അലമാരയും 20 ഗേജിന്റെ ഒരു സ്റ്റീൽ കേബിനറ്റുമാണ് സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുള്ളത്. കൂടാതെ വാങ്ങലുമായി ബന്ധപ്പെട്ട പർച്ചേസിംഗ് കമ്മിറ്റി മിനുട്സ്, പർച്ചേസ് ഓർഡർ, സിഡ്കോ ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/2018-19,തീയ്യതി : 18-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക ₹52,591 തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകളും വിശദീകരണവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 കമ്പ്യൂട്ടർ, പ്രിന്റർ ലഭ്യമായില്ല, ചെലവുതുക ₹ 52,131 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ജി എ ഡി

പ്രോജക്ട് നമ്പർ : 151/19

പ്രോജക്ടിന്റെ പേര് : ആയുർവ്വേദ ആശുപത്രിയിൽ കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ

അടങ്കൽ : 663 (വികസന ഫണ്ട് ജനറൽ)

: 21,157 (തനത് ഫണ്ട്)

: 30,311 (മെയിന്റനൻസ് ഫണ്ട്, റോഡിതരം)

ആകെ : 52,131

ചെലവ് : 663 (വികസന ഫണ്ട് ജനറൽ)

: 21,157 (തനത് ഫണ്ട്)

: 30,311 (മെയിന്റനൻസ് ഫണ്ട്, റോഡിതരം)

ആകെ : 52,131

ബിൽ നമ്പർ 4/18-19, തീയ്യതി 28-03-19, 663/-

ബിൽ നമ്പർ 5/18-19, തീയ്യതി 28-03-19, 30,311/-

ചെക്ക് നമ്പർ 1915238 , തീയ്യതി 30-03-19 , 21,157/-

ഗവ. ആയുർവ്വേദ ആശുപത്രിയിലേക്ക് സ.ഉ.(സാധാ) 25/2018/ITD, തീയ്യതി 01-02-18 ഉത്തരവു പ്രകാരം കെൽട്രോൺ മുഖേന ഒരു കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി മേൽ ബില്ലുകൾ /ചെക്ക് പ്രകാരം തുക പിൻവലിച്ച് കേരള സ്റ്റേറ്റ് ഐ.ടി. മിഷന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടറും പ്രിന്ററും ലഭിച്ചതിന്റെയും സ്ഥാപിച്ചതിന്റെയും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെയും രേഖകളും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കീഴല്ലൂർ ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി തനതു ഫണ്ടിൽ നിന്നും അനുവദിച്ച 21,157 രൂപ മേൽപ്പറഞ്ഞ ചെക്ക് പ്രകാരം പിൻവലിച്ച് ആയുർവ്വേദ ആശുപത്രിയുടെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിരുന്നു. കെൽട്രോൺ കമ്പ്യൂട്ടറിന്റെ വില റിവൈസ് ചെയ്തതനുസരിച്ച് (18-11-19 തീയ്യതിയിലെ പ്രഫോർമ പ്രകാരം) 20-12-19 ന് പ്രസ്തുത അക്കൗണ്ടിൽ നിന്നും 19,671 രൂപ മാത്രമാണ് കേരള സ്റ്റേറ്റ് ഐ.ടി. മിഷന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. (30-03-2019 ന് തനതുഫണ്ടിൽ നിന്നും പിൻവലിച്ച 21,157 രൂപ 20-12-19 ന് മാത്രമാണ് കേരള സ്റ്റേറ്റ് ഐ.ടി. മിഷന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്). ഇതിൽ ബാക്കി തുക 1,486 രൂപ പഞ്ചായത്ത്

ഫണ്ടിലേക്ക് തിരിച്ചൊടുക്കി ആയതിന്റെ രേഖകളും, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ലഭിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/2018-19,തീയ്യതി : 18-02-2020) മറുപടി നൽകിട്ടില്ല. ആയതിനാൽ ചെലവുതുക ₹ 52,131 തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-32 എൻ എ സി, ഇന്ററന്റ് ഇല്ലാതെ മരുന്ന് വാങ്ങൽ - ₹5,00,000 തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ, ആയുർവ്വേദം താഴെപ്പറയുന്ന പ്രോജക്ടുകളിലായി ₹5,00,000 യ്ക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്.

1. നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ജി എ ഡി

പ്രോജക്ട് നമ്പർ : 54/19

പ്രോജക്ടിന്റെ പേര് : ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 4,00,000 (മെയിന്റനൻസ് ഫണ്ട്, റോഡിതരം)

ചെലവ് : 4,00,000/-

ബിൽ നമ്പർ 1/18-19, തീയ്യതി 31-08-18

2. പ്രോജക്ട് നമ്പർ : 50/19

പ്രോജക്ടിന്റെ പേര് : വാർദ്ധക്യ സഹജമായ രോഗം നേരിടുന്നവർക്ക് ആയുർവ്വേദ മരുന്ന് ലഭ്യമാക്കൽ

അടങ്കൽ : 1,00,000 (വികസന ഫണ്ട് ജനറൽ)

ചെലവ് : 1,00,000 (വികസന ഫണ്ട് ജനറൽ))

ബിൽ നമ്പർ 2/18-19, തീയ്യതി 27-12-18

ക്രമ നമ്പർ 1 പദ്ധതി പ്രകാരം ആയുർവ്വേദ ആശുപത്രിയിലേക്ക് 4,00,000 രൂപയ്ക്ക് ഔഷധിയിൽ നിന്നും മരുന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ മരുന്ന് വാങ്ങിക്കുമ്പോൾ ആവശ്യകത നിർണ്ണയിച്ച് ഇന്റന്റ് തയ്യാറാക്കിയിട്ടില്ല. വാർദ്ധക്യ സഹജമായ രോഗം നേരിടുന്നവർക്ക് ഗവ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ എൻ എ സിയുടെ അടിസ്ഥാനത്തിൽ ആയുർവ്വേദ മരുന്ന് ലഭ്യമാക്കുന്നതിനാണ് ക്രമ നമ്പർ 2 പ്രകാരം പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതുപ്രകാരം 1,00,000 രൂപ പിൻവലിച്ച് പാട്യം ആയുർവ്വേദിക്കിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 027602000010141, ഇന്ത്യൻ ഓവർസീസ് ബാങ്ക്) 1,00,000 രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരുന്നിന്റെ ആവശ്യകത നിർണ്ണയിച്ച് ഇന്റന്റ് തയ്യാറാക്കുകയോ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ എ സി

വാങ്ങുകയോ ചെയ്തിട്ടില്ല. മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പ്രോജക്ടിൽ വിഭാവനം ചെയ്തതിന് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/2018-19,തീയ്യതി : 18-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹5,00,000 തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-33 എസ് സി ,എസ് ടി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ-- ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല ₹ 15,000 തടസ്സപ്പെടുത്തുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് | |
|---|---|---|
| പ്രോജക്ട് | എസ് ടി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ | എസ് സി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ |
| പ്രോജക്ട് നം | 71/19 | 66/19 |
| അടങ്കൽ | 19,500 (വികസന ഫണ്ട്- ടി എസ് പി )<br>500 (തനത് ഫണ്ട് | 24,000(വികസന ഫണ്ട്- ടി എസ് പി )<br>1,000 (തനത് ഫണ്ട് |
| ചെലവ് | 19,500<br>497 | 24,000(വികസന ഫണ്ട്- ടി എസ് പി )<br>1,000 (തനത് ഫണ്ട് |
| ബിൽ നം/ ചെക്ക് നം തീയതി | 19,500 5/20.12.2018)<br>497 (21800745/ തീയതി 14.1..2019) | 24,000( 3/20.12.2018<br>1,000 (21800744 dt 14.1.2019) |

എസ് സി ,എസ് ടി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ നൽകൽ പദ്ധതിയ്ക്ക് വേണ്ടി സിഡ്കോവിൽ നിന്നും 4999.66/- രൂപ നിരക്കിൽ 9 മേശയും 9 കസേരയും വാങ്ങി എസ് ടി വിഭാഗത്തിൽപ്പെട്ട 4 കുട്ടികൾക്കും, എസ് സി വിഭാഗത്തിൽപ്പെട്ട 5 കുട്ടികൾക്കും നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 22/2018 ത സ്വ ഭ വ തീയതി 14.2.2018 ഖ-7-2-7 ൽ ഫർണ്ണിച്ചർ സ്കൂൾ അധികൃതർ മുഖേന നൽകണമെന്നും, ഒരു വിദ്യാർത്ഥിയ്ക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | വിഭാഗം | ഹാജരാക്കാത്ത രേഖകൾ |
|---|---|---|
| അനിരുദ്ധ് ബാലൻ,s/o ബാലൻ,കൊതേരി ,& സിദ്ധാർത്ഥ് ബാലൻ,s/o ബാലൻ,കൊതേരി | പട്ടിക വർഗ്ഗം | സ്കൂൾ അധികൃതർ മുഖേന നൽകിയിട്ടില്ല. ,ഒരുവിദ്യാർത്ഥിയ്ക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകിയിട്ടുള്ളൂ എന്ന സർട്ടിഫിക്കറ്റ്. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| ശ്രീഹരി .പി.പി ,s/o രമേഷ് ബാബു,തെരൂർ | പട്ടിക വർഗ്ഗം | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |

മേൽപറഞ്ഞ രേഖകൾ ഹാജരാക്കാത്തതിനാൽ ഈ വിദ്യാർത്ഥികൾക്ക് നൽകിയ ഫർണ്ണിച്ചർ വില 15,000 തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി - 22തീയതി - 25.2.2020)

## 1-34 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് ,സ്ക്കോളർഷിപ്പ് നൽകൽ - യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല .₹ 1,06,580 തടസ്സപ്പെടുത്തുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് | |
|---|---|---|
| പ്രോജക്ട് | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് | 68/19 | 70/19 |

| | | |
|---|---|---|
| നം | | |
| അടങ്കൽ | 1,41,450(വികസന ഫണ്ട്- എസ് സി പി ) | 1,10,000 (വികസന ഫണ്ട്- എസ് സി പി ) |
| ചെലവ് | 1,41,450(വികസന ഫണ്ട്- എസ് സി പി ) | 1,10,000(വികസന ഫണ്ട്- എസ് സി പി ) |
| ബിൽ നം തീയതി | 9/14.3.2019 | 2/13.11.2018) |

എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ, എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ എന്നീ പദ്ധതി പ്രകാരം 5 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 5 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എന്നിവ നൽകിയിട്ടുണ്ട്. ഇതിൽ അമർനാഥ് പി., ഷാരോൺദാസ് വി. എന്നീ രണ്ട് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് @28290 രൂപ സ്കോഷർഷിപ്പ് @25000 രൂപ നൽകിയിട്ടുണ്ട്. അമർനാഥ് .പി, പാറകണ്ടി & ഷാരോൺദാസ് .വി എന്നീ 2 വിദ്യാർത്ഥികൾ മെക്കാനിക്കൽ എഞ്ചിനിയറിംഗ് ബിരുദത്തിന് യഥാക്രമം സെന്റ് തോമസ് കോളേജ് എഞ്ചിനിയറിംഗ് & ടെക്നോളജി, വെള്ളിലോട്, മട്ടന്നൂരും, എസ്സ് സി എം എസ് എസ് സ്കൂൾ ഓഫ് എഞ്ചിനിയറിംഗ്& ടെക്നോളജി, കാരുകുറ്റി, എറണാകുളത്തും പഠിക്കുന്ന വിദ്യാർത്ഥികളാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 22/2018 ത സ്വ ഭ വ തീയതി 14.2.2018 ഖ-7-2-9 ൽ പാരലൽ കോളേജിൽ പഠിച്ചുകൊണ്ടിരിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയാൽ മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല.അതിനാൽ ഈ വിദ്യാർത്ഥികൾക്ക് അനുവദിച്ച സ്കോളർഷിപ്പ് തുക 50,000 +ലാപ്പ്ടോപ്പ് വില 56,580 =1,06,580 തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം - 23 തീയതി - 25.2.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-35 സ്പോർട്ട്സ് കിറ്റ് വിതരണം - രേഖകൾ ഹാജരാക്കിയില്ല . ₹ 59,925 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |
| പ്രോജക്റ്റ് | രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം |
| പ്രോജക്റ്റ് | 56/19 |

| | |
|---|---|
| നമ്പർ | |
| അടങ്കൽ | 60,000 (തനത് ഫണ്ട്- ) |
| ചെലവ് | 59,925 |
| ചെക്ക് നം തീയതി | (21800777/ തീയതി 30.1.2019) |

രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം പദ്ധതിയ്ക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ലഭ്യമാക്കിയ അനു ഏജൻസി, ചെക്കിക്കുളത്തിന്റെ ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്. സ്പോർട്ട്സ് കിറ്റിൽ വോളിബോൾ, വോളിബോൾ നെറ്റ്, ഫുട്ബാൾ, ക്രിക്കറ്റ് ബാറ്റ്, ക്രിക്കറ്റ് ബാൾ, ഷട്ടിൽ ബാറ്റ്, ഷട്ടിൽ കോക്ക് എന്നിവയാണ് ഉള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 22/2018 ത സ്വ ഭ വ തീയതി 14.2.2018 ഖ-7-6-13 ൽ സ്പോർട്ട്സ് കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ യുവജനങ്ങളുടെ ഏകോപനസമിതി നിശ്ചയിക്കണം, എല്ലാ ക്ലബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണമെന്നും, ഓരോ ക്ലബുകളും അവരുടെ ആവശ്യത്തിനും സാദ്ധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്ട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം സമർപ്പിക്കണം, ഇവ ക്രോഡീകരിച്ച് സാമ്പത്തിക പരിധിയ്ക്കും ഭരണസമിതി തീരുമാനത്തിനും വിധേയമായി ഉപകരണങ്ങൾ വാങ്ങി, നിശ്ചയിക്കപ്പെടുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യേണ്ടതാണെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുകളിൽ പറഞ്ഞ നടപടിക്രമങ്ങളൊന്നും പാലിക്കാതെ ഉപകരണങ്ങൾ വാങ്ങുകയാണ് ചെയ്തത്. അതിനാൽ അനു ഏജൻസി, ചെക്കിക്കുളത്തിന് നൽകിയ തുക ₹ 59,925 തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം - 25 തീയതി - 25.2.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-36 ഒന്നാംക്ലാസ്സ് ഒന്നാം തരമാക്കൽ ,ഐ ടി ഉപകരണങ്ങൾ വാങ്ങൽ - അപാകങ്ങൾ - 1,21,810/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |
| പ്രോജക്ട് | ഒന്നാംക്ലാസ്സ് ഒന്നാം തരം -എടയന്നൂർ ഗവ: ഹയർസെക്കണ്ടറി സ്കൂളിൽ ഡിജിറ്റൽ പ്രോജക്ടർ വാങ്ങൽ |
| പ്രോജക്ട് നം | 93/ 19 |
| അടങ്കൽ | 79,200 (തനത് ഫണ്ട് )<br>39,600 (ബ്ലോക്ക് പഞ്ചായത്ത്)<br>13,200 (ജില്ലാ പഞ്ചായത്ത്) |

| | |
|---|---|
| ചെലവ് | 69,010 (തനത് ഫണ്ട് )<br>39,600(ബ്ലോക്ക് പഞ്ചായത്ത്)<br>13,200 (ജില്ലാ പഞ്ചായത്ത്) |
| ചെക്ക് നം തീയതി | 52,800 (21800958 / തീയതി23.3.2019)<br>4,200 (21800959 / തീയതി 23.3.2019)<br>64,810 (21800959 / തീയതി23.3.2019 |

പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ എടയന്നൂർ ഗവ: എച്ച് എസ് എസിലെ ഒന്നാം ക്ലാസ്സിന്, ഒന്നാം ക്ലാസ്സ് ഒന്നാം തരമാക്കൽ പദ്ധതിയിൽ, ലാപ് ടോപ്പ്, മൾട്ടിമീഡിയ പ്രോജക്ടർ, വാൾ മൌണ്ട് സ്ക്രീൻ, സ്പീക്കർ എന്നിവ കെൽട്രോൺ മുഖാന്തിരവും, സ്റ്റീൽ ബെഞ്ച്, ഡസ്ക്, എന്നിവ സിഡ്കോവിൽ നിന്നും, സ്റ്റീൽ ഷെൽഫ്, വൈറ്റ് ബോർഡ് വിത്ത് മാർക്കർ പേന, ഗ്രീൻ ബോർഡ്, ഫാൻ, എൽ ഇ ഡി ബൾബ്, പ്ലാസ്റ്റിക് ബക്കറ്റ്, കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിനുള്ള സംവിധാനം എന്നിവ അനു ഏജൻസി, ചെക്കിക്കുളത്തിൽ നിന്നും വാങ്ങിച്ചതിന് മൊത്തം മേൽതുക ചെലവഴിച്ചിട്ടുണ്ട്.

കെൽട്രോൺ മുഖാന്തിരം വാങ്ങിയ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ളതാണ്. പൊതു വിദ്യാഭ്യാസവകുപ്പ് സർക്കാർ ഉത്തരവ് (സാധാ) 97/18/ തീയതി 6.1.2018 ൽ സർക്കാർ/എയ്ഡഡ് സ്കൂളിലെ 8 മുതൽ 12 വരെ ക്ലാസ്സുകൾ ഹൈടെക്ക് ആക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ഐ സി ടി ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ, എം പി, എം എൽ എ , എൽ എസ് ജി ഡി ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധമായി, ഉപകരണങ്ങൾക്ക് ആവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവനം എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിനോടൊപ്പം അനുബന്ധമായി വച്ച ഉപകരണങ്ങൾ അതേ സ്പെസിഫിക്കേഷനോടുകൂടി ഉള്ളതാണ് ഒന്നാം ക്ലാസ്സിലേയ്ക്കും വാങ്ങിച്ചത്. 8, 9, 10, 11, 12 ക്ലാസ്സുകൾക്ക് ആവശ്യമായ സ്പെസിഫിക്കേഷൻ തന്നെ ഒന്നാം ക്ലാസ്സിനും ലഭ്യമാക്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്. കെൽട്രോണിൽ നിന്നും വാങ്ങിച്ച സ്പീക്കറിന് @ 2,850 (ജി എസ് ടി ഉൾപ്പെടെ) ഇൻവോയിസ് നം ITBG/18-19 /7359/I T P /2615 ഈടാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിൽ അനുബന്ധമായി നൽകിയതിൽ 770 രൂപയാണ് നിർദ്ദേശിട്ടുള്ളത്. സ്പീക്കറിന്റെ സ്പെസിഫിക്കേഷൻ സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കി അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതാണ്.

കെൽട്രോണിൽ നിന്നും വാങ്ങിച്ച ഉപകരണങ്ങൾ നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതാണെന്ന് പി.ഡബ്ല്യ.ഡി ഇലക്ട്രോണിക്സ് വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടില്ല. കെൽട്രോണിൽ നിന്നും, സിഡ്കോവിൽ നിന്നും വാങ്ങിച്ചവയുടെ

ഗുണനിലവാരം പർച്ചേയിസിംഗ് കമ്മിറ്റി ഉറപ്പ് വരുത്തിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ് 1-ാം ഉപവകുപ്പ് അഞ്ചാം പട്ടികയിൽ ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ ഖ – IX – വിദ്യാഭ്യാസം ക്രമ നമ്പർ 1 പ്രകാരം ഹൈസ്കൂളുകളോടൊപ്പമുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം നടത്തിപ്പ് ജില്ലാ പഞ്ചായത്തിനാണ്. ഇതിന് വിരുദ്ധമായി തലം മാറി ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തിയത് ചുമതലാലംഘനമാണ്. ഈ കാരണങ്ങളാൽ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 1,21,810 രൂപ തടസ്സപ്പെടുത്തുന്നു.

TR-7A കാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല - നിർവ്വഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റേയും വരവ് ചെലവ് TR-7A കാഷ് ബുക്കിൽ രേഖപ്പെടുത്തണമെന്ന ഉത്തരവുണ്ടെങ്കിലും ആയത് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല . കാഷ് ബുക്കിൽ ഇവ രേഖപ്പെടുത്തുന്നില്ല എന്നാണ് ഓഡിറ്റ് വേളയിൽ വാക്കാൽ മറുപടി നൽകിയത് മേൽ പറഞ്ഞ രേഖകൾ ഹാജരാക്കാനും അപാകങ്ങൾ വിശദീകരിക്കുവാനുമായി ഓഡിറ്റ് എൻക്വയറി - 24 തീയതി - 25.2.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-37 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി അവലോകനം

കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ 13 വാർഡുകളിലായി 2118 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 65 പട്ടികജാതി കുടുംബങ്ങളും ഉൾപ്പെടുന്നു. 2018-19 വർഷം 171 പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ പൂർത്തീകരിച്ചത്. ആകെ 82,092 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 2018-19 – ൽ തൊഴിൽ നൽകിയ 449 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ഉറപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രാദേശിക ഭാഷയിൽ തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | 15.7.2019 മുതൽ 16.7.2019വരെ | |

| | | |
|---|---|---|
| 2018-19 | | കെ.എസ്/.എ.കെ.എൻ.ആർ /സി10 /1332/ /19 തീയതി : 14.8.2019 |

# 4-2 സംയുക്തപ്രോജക്ട്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്&നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2,55,000 | 40/19<br>സമഗ്ര നെൽകൃഷി വികസനം | 2,55,000 | 0 |
| | 80,000 | 78/19<br>കറവപ്പശുക്കൾക്ക് ഉൽപ്പാദന സബ്സിഡി | 80.000 | 0 |
| | 2,66,600 | 55/19<br>ലൈഫ് മിഷൻ -ഭവന നിർമ്മാണം | 2,66,600 | 0 |
| | 1,00,000 | 34/19<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം | 1,00,000 | 0 |
| | 39,600 | 93/19-ഒന്നാംക്ലാസ്സ് ഒന്നാം തരം – എടയന്നൂർഹയർ സെക്കണ്ടറി സ്കൂളിൽ ഡിജിറ്റൽ പ്രോജക്ടർ വാങ്ങൽ | 39,600 | 0 |
| ജില്ല പഞ്ചായത്ത് | 1,00,000 | 78/19-കറവപ്പശുക്കൾക്ക് ഉൽപ്പാദന സബ്സിഡി | 1,00,000 | 0 |
| | 2,00,000 | 60/19പാലിയേറ്റീവ് സൌഹൃദ ജില്ല-പാലിയേറ്റീവ് പരിചരണ പദ്ധതി | 2,00,000 | 0 |
| | 1,93,520 | 55-ലൈഫ് മിഷൻ -ഭവന നിർമ്മാണം | 1,93,520 | 0 |
| | 3,00,000 | 69- ജലം സുലഭം- ജലസംരംക്ഷണ പ്രവർത്തനം- പനയത്താംപറമ്പ് കുളം നവീകരണം | 3,00,000 | 0 |
| | | | | |

| | | | | |
|---|---|---|---|---|
| | 13,200 | 93-ഒന്നാംക്ലാസ്സ് ഒന്നാം തരം | 13,200 | 0 |
| | 2,55,000 | 40-സമഗ്ര നെൽകൃഷി വികസനം | 2,55,000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക്നം.ൽ തീയ്യതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി,മട്ടന്നൂർ | പ്രോ.നം.122/19-കണ്ണൂർ വിമാനത്താവള പുനരധിവാസ കേന്ദ്രങ്ങളിലേക്ക് വൈദ്യുതി എത്തിക്കൽ, സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ | 21800469, 23/10/18 | 375480 | 375480 | 0 |
| കെഎസ്ഇബി,മട്ടന്നൂർ | പ്രോ.നം.123/19-കണ്ണൂർ വിമാനത്താവള പുനരധിവാസ കേന്ദ്രങ്ങളിലേക്ക് വൈദ്യുതി എത്തിക്കൽ, സ്ട്രീറ്റ് മെയിൻലൈൻ വലിക്കൽ-അധിക തുക അനുവദിക്കൽ | 21800470, 23/10/18 | 234271 | 234271 | 0 |
| കെഎസ്ഇബി,മട്ടന്നൂർ | | | 130508 | 111568 | 18940 |

| | | | | | |
|---|---|---|---|---|---|
| | പ്രോ.നം-150/19 -വെള്ളിയാംപറമ്പ് സ്കൂൾ മുതൽ ക്ഷേത്രം ഭാഗം വരെ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21800897, 18/3/19 | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20,000 |
| തൻവർഷം പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ഇനം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോഓപ്പറേറ്റീവ് സൊസൈറ്റി | 20,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 38,230 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14, 2014-15 | 2-2(14), തൊഴിൽ നികുതി | 250 | മോഹനൻ. എം.ജി, വില്ലേജ് അസിസ്റ്റന്റ്, കീഴല്ലൂർ | 118040102660, 28/09/2018 |
| 2006-07 | 2-3(3) | 240 | സെക്രട്ടറി എടയന്നൂർ വനിത സഹകരണ സംഘം | 118040102723, 29/9/18 |
| 2008-09 | 2-1 | 10000 | സെക്രട്ടറി കീഴല്ലൂർ സർവ്വീസ് സഹകരണ സംഘം | 11804010105491, 26/12/18 |
| 2009-10 | 2-1 | 10000 | സെക്രട്ടറി കീഴല്ലൂർസർവ്വീസ് സഹകരണ സംഘം | 11804010105491, 26/12/18 |
| 2010-11 | 2-1 | 10000 | സെക്രട്ടറി കീഴല്ലൂർ സർവ്വീസ് സഹകരണ സംഘം | 11804010105491, 26/12/18 |
| 2007-08 | 2-6 | 2500 | മാനേജർ മാവേലി സ്റ്റോർ ,ചാലോട് | 118040107536, 19/3/19 |
| 2008-09 | 2-2 | 2500 | മാനേജർ മാവേലി സ്റ്റോർ ,ചാലോട് | 118040107536, 19/3/19 |
| 2009-10 | 2-2 | 2500 | മാനേജർ മാവേലി സ്റ്റോർ ,ചാലോട് | 118040107536, 19/3/19 |
| 2007-08 | 2-6 | 240 | സെക്രട്ടറി കുടാളി പബ്ലിക് സർവ്വന്റ്സ് സൊസൈറ്റി | 1180407107612, 21/3/19 |
| | | 38,230 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1997-98 | 3-9 | 2002-03 | 13.2 | ജനകീയാസൂത്രണ പദ്ധതി-ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. | നിയമസഭ സമിതിയുടെ പരിഗണനയിൽ | |
| 1999-2000 | 10 | 2003-04 | 3.13.17 | പ്രോജ.നം 2-എൽ പി - വിഭാഗം പഠനകേന്ദ്രം പ്രോജക്ട് തുടങ്ങുന്നതിനു മുമ്പേ ചെലവഴിച്ചു | നിയമസഭ സമിതിയുടെ പരിഗണനയിൽ | |
| 2000-01 | 14 | 2003-04 | 3.13.17 | വൌച്ചർനം 46/20.09.2000-ഗ്രാമീണ വൈദ്യുതീകരണം. തുക നല്കിയതിലെ അപാകതകൾ | നിയമസഭ സമിതിയുടെ പരിഗണനയിൽ | |
| 2013-14, 2014-15 | 2-2 | 2016-17 | 2.2(3) | തൊഴിൽ നികുതി | നിയമസഭ സമിതിയുടെ പരിഗണനയിൽ | |
| 2013-14, 2014-15 | 2-2 | 2016-17 | 2.2(4) | തൊഴിൽനികുതി | നിയമസഭ സമിതിയുടെ പരിഗണനയിൽ | |
| 1999-00 | 25 | 2004-05 | 3-13-3(1) | വീട് അറ്റകുറ്റപണി | നിയമസഭ സമിതിയുടെ പരിഗണനയിൽ | |
| 2001-02 | 7 | 2004-05 | 3-13-3(2) | പൂർത്തിയാക്കിയ വേലക്ക് വീണ്ടും ചെലവ് | നിയമസഭ സമിതിയുടെ പരിഗണനയിൽ | |
| 2001-02 | 15 | 2004-05 | 3-13-3(3) | പ്രിന്റിംഗ് പ്രസ്സ് നിർവ്വഹണ രേഖയില്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ | |
| 2001-02 | 7 | 2003-04 | 3-13-16 | മരാമത്ത് പ്രവൃത്തിയ്ക്ക് അധിക തുക നൽകി | നിയമസഭ സമിതിയുടെ പരിഗണനയിൽ | |

| | | | | | | |
|---|---|---|---|---|---|---|
| 2000-01 | 2-6 | 2005-06 | 2-88(2) | ടാർ വാങ്ങുന്നതിന് പിൻവലിച്ച തുകയുടെ വിവരങ്ങൾ ഇല്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ | |

# 4-9 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,04,45,918.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,88,25,876.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,36,537 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 9,28,500 | ശ്രീമതി. സ്മിത.കെ.ഒ (കൃഷി ഓഫീസർ) |
| 1-30 | 52,591 | ഡോ.സ്മിജ.എ.പി. (മെഡിക്കൽ ഓഫീസർ.<br>ഗവ ആയുർവേദ ഡിസ്പെൻസറി) |
| 1-31 | 52,131 | |
| 1-32 | 5,00,000 | |
| 1-33 | 15,000 | ശ്രീമതി.ഉഷ കരിയിൽ, (ഹെഡ്മിസ്ട്രസ്സ്) |
| 1-34 | 1,06,580 | |
| 1-35 | 59,925 | |
| 1-36 | 1,21,810 | |
| ആകെ | 18,36,537 | |

ഇല്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ</u>

<u>എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി. സ്മിത.കെ.ഒ(കൃഷി ഓഫീസർ) | കൃഷി ഓഫീസർ,<br>കൃഷി ഭവൻ,ചാലോട് | ശ്രീനിലയം ,മുട്ടന്നൂര്,<br>പട്ടാന്നൂർ (പി ഒ) |
| ഡോ.സ്മിജ.എ.പി. (മെഡിക്കൽ ഓഫീസർ.<br>ഗവ ആയുർവേദ ഡിസ്പെൻസറി) | മെഡിക്കൽ ഓഫീസർ.<br>ഗവ ആയുർവേദ ഡിസ്പെൻസറി, | സമൃദ്ധി,<br>അഞ്ചരക്കണ്ടി |

| | | |
|---|---|---|
| | വളയാൽ,കീഴല്ലൂർ | |
| ശ്രീമതി.ഉഷ കരിയിൽ, (ഹെഡ്മിസ്ട്രസ്സ് ) | റിട്ടയർ ചെയ്തു | സുരഭി,ചാലോട്(പി ഒ) എടയന്നൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 (പദ്ധതി വിഹിതം) | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 2 | |
| 1998-99 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 1 | |
| 1999-00(പദ്ധതി വിഹിതം ഒഴികെ) | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 2 | |
| 1999-00(പദ്ധതി വിഹിതം | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 2 | |
| 2000-01(പദ്ധതി വിഹിതം ) | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 2 | |
| 2000-01(പദ്ധതി വിഹിതം ഒഴികെ ) | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 2 | |

| | | | |
|---|---|---|---|
| 2000-01(വരവ് ) | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 3 | |
| ~~2001-~~ 02((പദ്ധതി വിഹിതം ) | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 1 | |
| 2002-03 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 6 | |
| 2003-04 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 12 | |
| 2004-05 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 7 | |
| 2005-06 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 19 | |
| 2006-07 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 1 | |
| 2007-08 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 2 | |
| 2008-09 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 3 | |
| 2009-10 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 3 | |
| 2010-11 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 5 | |
| | | | |

| | | | |
|---|---|---|---|
| 2011-12 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 3 | |
| 2013-14, 2014-15 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 2 | |
| 2015-16 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 1 | |
| 2016-17 | കെഎസ്എ/ കെഎൻആർസി10/742/2019 തീയതി 7.6.2019 | 6 | |
| 2017-18 | കെഎസ്എ/ കെഎൻആർസി10/1154/2019 തീയതി 31.10.2019 | 9 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/205/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 15.06.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Keezhallur Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule | Amount |
|---|---|---|---|

| | | No | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 49683507.00 |
| Cash | Cash | RP-40(a) | 12226.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1665180.00 |
| 140000000 | Fees & User Charges | RP-4 | 678473.00 |
| 150000000 | Sale & Hire Charges | RP-5 | 166114.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 32435533.00 |
| 171000000 | Interest Earned | RP-9 | 1994864.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10103123.00 |
| 350000000 | Other Liabilities | RP-36 | 762900.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2425.00 |
| 311000000 | Earmarked Funds | RP-29 | 13620.00 |
| 340000000 | Deposits Received | RP-34 | 964201.00 |
| 350000000 | Other Liabilities | RP-36 | 731971.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 20927514.00 |
| | Grand total | | 120141651.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2901608.00 |
| 220000000 | Administrative Expenses | RP-12 | 1115161.00 |
| 230000000 | Operations & Maintenance | RP-13 | 1114277.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8135171.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12051684.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 11362007.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1422755.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 229905.00 |
| 255000000 | Maintenance Projects | RP-20 | 3265463.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1000000.00 |
| 280000000 | Prior Period item | RP-26 | -17943.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 992822.00 |
| 350000000 | Other Liabilities | RP-36 | 4669824.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2350.00 |
| 280000000 | Prior Period Item | RP-26 | -38230.00 |
| 311000000 | Earmarked Funds | RP-29 | 2000.00 |
| 340000000 | Deposits Received | RP-34 | 107234.00 |
| 350000000 | Other Liabilities | RP-36 | 1727691.00 |
| 410000000 | Fixed Assets | RP-38 | 1220777.00 |
| 412000000 | Capital work in Progress | RP-40 | 6555284.00 |
| 460000000 | Loans, Advances and Deposits | RP-47 | 1006036.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 61271982.00 |
| Cash | Cash | RP-40(b) | 43793.00 |
| | Grand Total | | 120141651.00 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Keezhallur Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 11717660.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 867000.00 |
| 140000000 | Fee & User Charges | I-4(b) | 1369773.00 |
| 150000000 | Sale & Hire Charges | I-5(b) | 166114.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 107180891.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 1994082.00 |
| 180000000 | Other Income | I-9 | 2425.00 |
| | Total Income | | 123297945.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9463746.00 |
| 220000000 | Administrative Expenses | I-11(b) | 1115161.00 |
| 230000000 | Operations & Maintenance | I-12(b) | 1114277.00 |
| 240000000 | Interest & Finance Charges | I-13 | 2350.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8135171.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 35806784.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 11362007.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1454157.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 34426905.00 |
| 255000000 | Maintenance Projects | I-14(e) | 3265463.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1000000.00 |
| 270000000 | Provisions and Write off | I-16 | 1377.00 |
| 272000000 | Depreciation | I-17(a) | 6173362.00 |
| | Total Expenditure | | 113320760.00 |
| | Gross Surplus/ Deficit of income over Expenditure | | 9977185.00 |
| 280000000 | Prior Period Item | I-18 | -2154004.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 12131189.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Keezhallur Grama Panchayat BALANCE SHEET<br>As on 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 25970251.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 108750.00 |
| 312000000 | Reserves | B-3 | 43663525.00 |
| | Total Reserve & Surplus | | 69742526.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 24123755.00 |
| | Total Grants, Contributions for Specific Purposes | | 24123755.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 4568177.00 |
| 341000000 | Deposits Works | B-8 | 232.00 |
| 350000000 | Other Liabilities | B-9 | 2783763.00 |
| | Total Current Liabilities and Provisions | | 7352172.00 |
| | TOTAL LIABILITIES | | 101218453.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 52276182.00 |
| 411000000 | Accumulated Depreciation | B-11 | -16269829.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 36006353.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 2641996.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 61315775.00 |
| 460000000 | Loans, Advances and Deposits | B-18 | 1234329.00 |
| | | | |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 65192100.00 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 101218453.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ